# TAB Trichur Archdiocesan Bulletin

2021 ജൂൺ വാല്യം: 88 ലക്കം: 06





ക്ലേശിതർക്കാശ്രയം (മത്തായി 11: 25–30)

# ആദരാഞ്ജലികൾ



**പെ. ബഹു. മോൺ. അക്കര ജോർജ്ജ്**

ജനനം : 03.10.1941
തിരുപ്പട്ടം : 01.12.1964
മരണം : 02.05.2021



**റവ. ഫാ. ചിറമ്മേൽ ജോർജ്ജ്**

ജനനം : 16.08.1939
തിരുപ്പട്ടം : 19.12.1967
മരണം : 22.04.2021



**റവ. ഫാ. ചെറയത്ത് ജേക്കബ്**

ജനനം : 22.08.1936
തിരുപ്പട്ടം : 01.12.1964
മരണം : 30.04.2021




Trichur Archdiocesan Bulletin TAB

ESTD: 1934

**ജൂൺ 2021**

ലക്കം:6 വാല്യം: 88



Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press



*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org



| | |
|---|---|
| സർക്കുലർ | 4 |
| കച്ചേരിക്കാര്യം | 9 |
| നാളാഗമം | 11 |
| നാമകരണ നടപടികൾ | 18 |
| വൈദികർ | 22 |
| ആദരാഞ്ജലികൾ | 26 |
| സന്യസ്തർ | 36 |
| വിശ്വാസ പരിശീലനം | 41 |
| സ്ഥാപനങ്ങൾ | 49 |
| സംഘടനകൾ | 53 |

# സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

| 1047/2021 <br> 15.05.2021 | C- 7 |
|---|---|

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സഹോദരങ്ങളേ,

കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗം ഭീതിജനകമായ രീതിയിൽ ഭാരതത്തെ, പ്രത്യേകിച്ച് കേരളത്തെ, ഗ്രസിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, അറബിക്കടലിൽ രൂപം കൊണ്ട ന്യൂനമർദ്ദം മൂലം ഉണ്ടായ പേമാരിയും കാറ്റും പ്രതിസന്ധി ഇരട്ടിയാക്കിയിരിക്കുകയാണ്. 2018 ഓഗസ്റ്റിൽ ഉണ്ടായ ജലപ്രളയത്തെ നേരിടാൻ സർക്കാർ സംവിധാനങ്ങളോട് ചേർന്ന് നമ്മുടെ അതിരൂപതയും ഇടവകകളും വൈദികരും സമർപ്പിതരും സംഘടനകളും കുടുംബകൂട്ടായ്മകളും വിശ്വാസസമൂഹം ഒന്നായും ചെയ്ത വലിയ സേവനത്തെ നന്ദിയോടെ ഓർക്കുന്നു. എന്നാൽ, നിലവിലുള്ള കോവിഡ് സാഹചര്യം കൂടുതൽ അർപ്പണബോധത്തോടെയും ജാഗരൂകതയോടെയും സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കു വാൻ നമ്മോട് ആവശ്യപ്പെടുന്നുണ്ട്. കേന്ദ്രീകൃതപ്രവർത്തനങ്ങളേക്കാൾ, കുടുംബകൂട്ടായ്മ പോലുള്ള ഏറ്റവും അടിസ്ഥാനതലങ്ങളിലുള്ള പ്രവർത്തനങ്ങളാണ് കൂടുതൽ കാര്യക്ഷമമാകേണ്ടത്.

2021 മെയ് 13ന് ഓൺലൈനായി നടന്ന വൈദികരുടെ യോഗത്തിലും മെയ് 14ന് ഓൺലൈനായി

നടന്ന അതിരൂപതയിലെ വൈദിക-സമർപ്പിത-അത്മായ- സംഘടനാ-സ്ഥാപന പ്രതിനിധികളുടെ യോഗത്തിലും ഉണ്ടായ നിർദ്ദേശങ്ങളും സർക്കാർ, സി.ബി.സി.ഐ., കെ.സി.ബി.സി. തുടങ്ങിയവയിൽ നിന്നു ലഭിച്ച നിർദ്ദേശങ്ങളും സ്വീകരിച്ച് താഴെപറയുന്ന കർമ്മപരിപാടികൾ പ്രായോഗികമാക്കുവാൻ ആഹ്വാനം ചെയ്യുന്നു.

1. ഭയത്തിന്റെ സാഹചര്യത്തിൽ ജനത്തിന് ആത്മീയവും മാനസികവുമായ ശക്തിപകരേണ്ടത് നമ്മുടെ കടമയാണ്. ഭയപ്പെടേണ്ടാ എന്ന് ആവർത്തിച്ചുപറഞ്ഞ യേശുവിന്റെ വാക്കുകൾ സ്വീകരിച്ച്, ശക്തമായി പ്രാർത്ഥിക്കേണ്ട അവസരമാണിത്. നമ്മൾ പ്രാർത്ഥിക്കുന്ന വിവരം രോഗത്താലും മറ്റും അവശരായിരിക്കുന്നവർ അറിയുന്നത് അവർക്ക് ആശ്വാസമേകും. മഹാമാരി മാറാൻ ദാവീദ് പ്രാർത്ഥിച്ചതുപോലെ (2 സാമു. 24, 25) നമുക്കും പ്രാർത്ഥിക്കാം.
2. നമ്മുടെ എല്ലാ പ്രവർത്തനങ്ങളും സർക്കാർ, ആരോഗ്യപ്രവർത്തകർ, തദ്ദേശസ്ഥാപനാധികാരികൾ, മുതലായവർ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ചാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. അവരുമായി നാം എല്ലാ തരത്തിലും സഹകരിച്ച് പ്രവർത്തിക്കണം. പ്രതിസന്ധിഘട്ടത്തിൽ സർക്കാരിന്റെയും പോലീസിന്റെയും സഹായം ജില്ലാഭരണകൂടം വാഗ്ദാനം ചെയ്തിട്ടുണ്ട്.
3. കുടുംബങ്ങളിലും സ്ഥാപനങ്ങളിലും ആശുപത്രികളിലും മറ്റും താഴെ പറയുന്നതുപോലെയുള്ള രീതിയിലും മറ്റു വിധത്തിലും പ്രതിസന്ധിക ളുള്ളവരെ കണ്ടെത്താനും പരിഹാരം ഉണ്ടാക്കാനും പരിശ്രമിക്കണം. ഉദാ: ഒറ്റപ്പെട്ട് കഴിയുന്നവർ, രോഗികളായി കഴിയുന്നവർ, കോവിഡ് ബാധിച്ച കുടുംബങ്ങൾ, മരുന്ന് വാങ്ങാൻ സാധിക്കാത്തവർ, ഭക്ഷണമി ല്ലാതെ വീടുകളിലായിരിക്കുന്നവർ, മാനസികമായും മറ്റും തകർന്ന വ്യക്തികൾ, ജോലി-പഠനം-യാത്ര തുടങ്ങിയവക്ക് സഹായം ആവശ്യമാ യവർ, ആശുപത്രികളിലേക്ക് അത്യാവശ്യമായി പോകേണ്ടവർ, മരണം സംഭവിച്ചാൽ എന്തുചെയ്യണമെന്ന് അറിയാത്ത കുടുംബാംഗങ്ങൾ.
4. മേൽപറഞ്ഞ കാര്യങ്ങൾക്ക് സഹായിക്കാനായി a) അതിരൂപത b) ഇടവക c) കുടുംബയൂണിറ്റ് എന്നീ തലങ്ങളിൽ ഹെൽപ് ഡസ്ക് ഉണ്ടാകണം.
   a. അതിരൂപത തലത്തിൽ ഹെൽപ് ഡസ്ക് ക്രമീകരിച്ചിട്ടുണ്ട്. അതിരൂപത തലത്തിലുള്ള ഹെൽപ് ഡസ്കിന് മോൺ. തോമസ് കാക്കശ്ശേരി കൺവീനറായ ഒരു ടീം ആയിരിക്കും നേതൃത്വം

കൊടുക്കുക. അതിരൂപതാ തലത്തിലുള്ള ഹെൽപ് ഡസ്ക് കോർഡിനേറ്റ് ചെയ്യുന്നത് അതിരൂപതയുടെ അഭയം പാലിയേറ്റീവ് കെയറാണ്. പല്ലിശ്ശേരി ശാന്തിഭവൻ പാലിയേറ്റീവ് ആശുപത്രിയിലുള്ള എമർജൻസി കൺട്രോൾ റൂമാണ് ഹെൽപ് ഡസ്കിന്റെ ഏകോപനം സാധ്യമാക്കുന്നത്. അതിരൂപതാ ഹെൽപ് ഡസ്ക് ഫോൺ നമ്പർ: 04876611660. ഈ ഹെൽപ് ഡസ്ക് നമ്പർ വാട്സ്ആപ്പ് നമ്പർ കൂടിയാണ്.

b. ഇടവകയൂണിറ്റ് ഹെൽപ് ഡസ്കുകൾ അവരുടെ ഫോൺ നമ്പറുകൾ അതിരൂപതാ ഹെൽപ് ഡസ്കിലും ഇടവകയിലെ കുടുംബയൂണിറ്റു കളിലും അറിയിക്കേണ്ടതാണ്.

5. അതിരൂപത–ഇടവക–സമർപ്പിത തലങ്ങളിൽ ടാസ്ക് ഫോഴ്സും വളന്റിയേഴ്സും ഉണ്ടാകണം. സംഘടനകൾ, പ്രത്യേകിച്ച് യുവജന സംഘടനകളും സമർപ്പിതരും ഇതിൽ അംഗങ്ങളാകുകയും അവരുടെ പേരുകൾ സാന്ത്വനം ഓഫീസിലോ യൂത്ത് മിനിസ്ട്രി ഓഫീസിലോ അറിയിക്കുകയും ചെയ്യണം. അതോടൊപ്പം അതി രൂപതാ ഹെൽപ് ഡസ്കിലേക്കും അറിയിക്കേണ്ടതാണ്.

a. കോവിഡ് മൂലം മരണപ്പെട്ടാൽ വിവരം സാന്ത്വനം ഓഫീസിൽ അറിയിക്കേണ്ടതാണ് (ഡയറക്ടർ ബഹു. ജോയ് മൂക്കനച്ചന്റെ ഫോൺ നമ്പർ: 9447242344). ക്രിസ്തീയ രീതിയിൽ മൃതസംസ്കാരം നടത്താൻ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും, ആവശ്യമെങ്കിൽ സഹായം തേടുകയും വേണം.

b. വീടുകളിൽ രോഗത്താലും മറ്റും ഒറ്റപ്പെട്ടുകഴിയുന്നവരെ സഹായിക്കാൻ ഇടവക കുടുംബകൂട്ടായ്മാ കേന്ദ്രസമിതി നിശ്ചയിക്കുന്ന വ്യക്തികൾ നേതൃത്വം നൽകേണ്ടതാണ്. കുടുംബകൂട്ടായ്മാ നേതൃത്വം ഇതിനെ സഹായിക്കുകയും സംഘടനകളുടെയും ഇടവകയിലെ സമർപ്പിതരുടെയും സഹായം ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തേ ണ്ടതുമാണ്.

c. ആശുപത്രികളിലും മറ്റും വളണ്ടിയേഴ്സായി സഹായിക്കാൻ താൽപര്യമുള്ളവരുടെ (വൈദികർ, സമർപ്പിതർ, യുവജനങ്ങൾ) പേരുവിവരം യൂത്ത് മിനിസ്ട്രി ഡയറക്ടറെ (യൂത്ത് മിനിസ്ട്രി ഡയറക്ടർ ബഹു. ലിൻസൺ തട്ടിലച്ചന്റെ നമ്പർ: 8891362559) അറിയിക്കേണ്ടതാണ്.

d. ഭക്ഷണം ആവശ്യമുള്ളവർക്ക് സംലഭ്യമാക്കാൻ യൂണിറ്റുകൾ ശ്രദ്ധിക്കണം. പ്രായോഗികബുദ്ധിമുട്ട് അനുഭവപ്പെടുന്ന

യൂണിറ്റുകൾക്ക് അതിരൂപതാ ഹെൽപ് ഡസ്ക് വഴി അഭയം പാലിയറ്റീവ് കെയറിന്റെ സഹായം തേടാവുന്നതാണ്.

e. കോവിഡ് ബാധിച്ചവരുടെയോ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കു ന്നവരുടെയോ കോവിഡ് മൂലം കുടുംബത്തിന്റെ ഏക ആശ്രയമായിരുന്ന കുടുംബനാഥന്മാർ മരണപ്പെട്ട കുടുംബങ്ങളുടെയോ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഇടവകതലത്തിൽ സ്പോൺസേ ഴ്സിനെ കണ്ടെത്തേ ണ്ടതാണ്. വീടുകളിലേക്ക് ആവശ്യമായ പലവ്യഞ്ജന കിറ്റുകൾ സാന്ത്വനം സ്വിഫ്റ്റ് മാർട്ടുവഴി ഇടവകകൾക്കോ യൂണിറ്റുകൾക്കോ മിതമായ നിരക്കിൽ വാങ്ങാവുന്നതാണ്.

f. മെഡിക്കൽകിറ്റ് (പി.പി.ഇ കിറ്റ്, മാസ്ക്, പൾസ് ഓക്സിമീറ്റർ, ഇൻഹേലർ, അത്യാവശ്യമായ മരുന്നുകൾ തുടങ്ങിയവ) സംലഭ്യ മാക്കാൻ അതിരൂപതാ ഹെൽപ് ഡസ്കിന്റെ സഹായം സ്വീകിരിക്കാ വുന്നതാണ്.

6. ടെലി–മെഡിസിൻ സൗകര്യം ഉപയോഗിക്കാൻ ജനങ്ങൾക്ക് സഹായം നൽകണം. ജൂബിലി മിഷൻ ആശുപത്രിയിലെ ടെലി–മെഡിസിൻ സഹായത്തിന് (ഫോൺ: 8590015784 ) ബന്ധപ്പെടാവുന്നതാണ്. അവ ശരായികഴിയുന്ന വൃദ്ധർ, കിടപ്പുരോഗികൾ എന്നിവർക്ക് സൗജന്യ ടെലി–മെഡിസിൻ സൗകര്യം അതിരൂപതാ ഹെൽപ് ഡസ്ക് നൽകു ന്നതാണ്. ആവശ്യമെങ്കിൽ രോഗികളുടെ വീട്ടിലേക്ക് നഴ്സിന്റെ നേതൃ ത്വത്തിലുള്ള ടെലി–മെഡിസിൻ യൂണിറ്റ് ശാന്തി വൻ പാലിയേറ്റീവ് ആശുപത്രിയിൽ നിന്ന് വരുന്നതാണ്.

7. ടെലി–കൗൺസിലിംഗ് ഈ കാലഘട്ടത്തിൽ വളരെ ആവശ്യമായി രിക്കുന്നു. കൗൺസിലിംഗ് പഠിച്ച വൈദികരുടെയും സിസ്റ്റേഴ്സിന്റെയും അത്മായരുടെയും അതിരൂപതാ കൂട്ടായ്മാ തയ്യാറായിട്ടുണ്ട്. ഇക്കാര്യത്തിന് 8590271573 എന്ന ഹെൽപ്ലൈൻ നമ്പറിൽ ബന്ധപ്പെടുക.

8. അത്യാവശ്യഘട്ടത്തിൽ സർക്കാരിന്റെ സഹായത്തിനായി ഏറ്റവും അടുത്തുള്ള RRT (Rapid Response Team) യെ ബന്ധപ്പെടേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഒരാളെങ്കിലും ഓരോ RRTയിലും അംഗമായിരിക്കാൻ ശ്രമിക്കേണ്ടതാണ്.

9. ആശുപത്രികളിൽ ബ്ലഡിന്റെ അത്യാവശ്യമുണ്ട്. ബ്ലഡ് നൽകാൻ തയ്യാറുള്ളവർ ജൂബിലി മിഷൻ ഹോസ്പിറ്റലിലെ ഫാ. ഡെമിൻ തറയിലിനെ (ഫോൺ 8129770698) ബന്ധപ്പെടുക.

10. ചികിത്സാ, ടാസ്ക് ഫോഴ്സ്, ഫുഡ് കിറ്റ്, മെഡിക്കൽ കിറ്റ് തുടങ്ങിയവയ്ക്കും ആശുപത്രികളിൽ അത്യാവശ്യമായ വെന്റിലേറ്റർ തുടങ്ങിയവയ് ക്കും മറ്റും വലിയ സാമ്പത്തിക സഹായം ആവശ്യമുണ്ട്. സാമ്പത്തിക മായി സഹായിക്കാൻ തയ്യാറുള്ള സുമനസ്സുകൾ അതിരൂപതാ ഫിനാൻസ് ഓഫീസർ ബഹു. വർഗ്ഗീസ് കൂത്തൂർ അച്ചനെ (ഫോൺ: 9495637388) ബന്ധപ്പെടേണ്ടതാണ്.

യുദ്ധസമാനമായ സാഹചര്യത്തിലൂടെയാണ് നാം കടന്നുപോകുന്നത്. മനോവീര്യം നഷ്ടപ്പെടാതെ, പരസ്പരം പ്രോത്സാഹിപ്പിച്ചും ശക്തിപ്പെടുത്തിയും സഹായിച്ചും അതിരൂപതാ കുടുംബം ഒറ്റക്കെട്ടായി മുന്നേറണമെന്ന് ഞാൻ അപേക്ഷിക്കുന്നു. കോവിഡിന്റെ ഒന്നാം ഘട്ടത്തിൽ നാം ഒത്തൊരുമിച്ച് പ്രവർത്തിച്ചതുപോലെ ഇപ്പോൾ സംജാതമായിരിക്കുന്ന വിഷമസന്ധിയിലും പരസ്പരം കൈകോർത്ത്, ആത്മവിശ്വാസത്തോടെ പ്രവർത്തിക്കാം. പരി. അമ്മയുടെ നേതൃത്വത്തിൽ ശിഷ്യസമൂഹം തീക്ഷ്ണതയോടെ പ്രാർത്ഥിച്ചപ്പോൾ പരി. ആത്മാവിന്റെ അഭിഷേകം ലഭിച്ചതുപോലെ ആഗതമാകുന്ന പെന്തക്കൊസ്തായിൽ നമ്മുടെ അതിരൂപതാമദ്ധ്യ സ്ഥയായ പരി. അമലോത്ഭവമാതാവിന്റെ മാധ്യസ്ഥ്യം വഴി പരിശുദ്ധാത്മാവിന്റെ വരദാനങ്ങളാൽ ശക്തിപ്പെട്ട് ഈ പ്രതിസന്ധികളെ തരണം ചെയ്യാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. പിതാവിന്റെ സ്നേഹവും പുത്രന്റെ കൃപയും പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരോടും കൂടെയുണ്ടായിരിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലറിലെ വിവരങ്ങൾ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും മെയ് 16ന് ജനങ്ങളുടെ അറിവിലേക്ക് നൽകേണ്ടതാണ്. +AT

# കച്ചേരി വാർത്തകൾ



## 1. ഓർമിക്കേണ്ട ദിവസങ്ങൾ

1 : വി. ജസ്റ്റിൻ
3 : പരി. കുർബാനയുടെ തിരുനാൾ
4 : ആദ്യവെള്ളി
6 : **ശ്ലീഹാ മൂന്നാം ഞായർ**
8 : വി. മറിയം ത്രേസ്യ
9 : മാർ അപ്രേം
11 : ഈശോയുടെ തിരുഹൃദയ തിരുനാൾ
ബർണ്ണബാസ് ശ്ലീഹാ
12 : മാതാവിന്റെ വിമലഹൃദയം
പാദുവായിലെ വി. അന്തോണീസ്
(13 ഞായർ)
13 : **ശ്ലീഹാ നാലാം ഞായർ**
20 : **ശ്ലീഹാ അഞ്ചാം ഞായർ**
22 : വി. ജോൺ ഫിഷറും വി. തോമസ് മൂറും
24 : വി. യോഹന്നാൻ മാംദാനയുടെ ജനനം
27 : **ശ്ലീഹാ ആറാം ഞായർ**
28 : വി. ഇരണേവൂസ്
29 : വി. പത്രോസ്, പൗലോസ് ശ്ലീഹന്മാർ

**2.അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവിന്റെ നാമഹേതുക തിരുനാൾ**

ജൂൺ 13ന് നാമഹേതുക തിരുനാളാഘോഷിക്കുന്ന അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന് അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു. അന്നേദിവസം അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ അഭിവന്ദ്യ പിതാവിനുവേണ്ടി പ്രാർത്ഥിക്കണമെന്ന് പ്രത്യേകം ഓർമപ്പെടുത്തുന്നു.

**3. വൈദികവസ്ത്രം സ്വീകരിച്ചവർക്ക് പ്രാർത്ഥനാശംസകൾ:**

അതിരൂപതയ്ക്കുവേണ്ടി വിവിധ സ്ഥാപനങ്ങളിലും ഇടവകകളിലും പ്രായോഗിക പരിശീലനം പൂർത്തിയാക്കിയ വൈദിക വിദ്യാർത്ഥികൾ മെയ് 27ന് രാവിലെ 9:00 മണിക്ക് ഡി.ബി.സി.എൽ.സി.യിൽ വച്ച് വൈദി കവസ്ത്രം സ്വീകരിച്ചു. പൗരോഹിത്യ പരിശീലനത്തിൽ ഒരുപടികൂടി മുന്നോട്ട് പോകുന്ന അവർക്ക് പ്രാർത്ഥനാശംസകൾ നേരുന്നു.

| | | |
|---|---|---|
| 1. അക്കരപറമ്പിൽ ലിൻസൺ | പുറനാട്ടുകര | മേരിമാത |
| 2. അക്കരപ്പട്ട്യേക്കൽ ജീസ് | പുറനാട്ടുകര | മേരിമാത |
| 3. അക്കരപ്പട്ട്യേക്കൽ ജോഫിൻ | ആമ്പക്കാട് | മേരിമാത |
| 4. ചെമ്മണ്ണൂർ ജീസ്മോൻ | പേരകം | മേരിമാത |
| 5. ചെറുതാണിക്കൽ പ്രിൻസ് | വെട്ടുക്കാട് | മേരിമാത |
| 6. ചെറുതാണിക്കൽ ഫ്രാങ്കോ ഫോണിസ് | വെട്ടുക്കാട് | കോട്ടയം |
| 7. കൈതക്കുളങ്ങര ജിതിൻ | കിള്ളിമംഗലം | ആലുവ |
| 8. കാട്ടിപറമ്പൻ ക്ലിൻസൺ | പുല്ലഴി | പൂന |
| 9. കൊള്ളന്നൂർ ഡിൻസൺ | അരിമ്പൂർ | ആലുവ |
| 10. കുന്നപ്പിള്ളിൽ തേജസ്സ് | ഭരത | ആലുവ |
| 11. കുരുതുകുളങ്ങര ലിവിൻ | മണ്ണുത്തി | ഏലൂർ (AP) |
| 12. ഞെരിഞ്ഞാംപിള്ളി ജോസഫ് | പള്ളിക്കുന്ന് | റോം |
| 13. മാങ്ങൻ അജിൽ | പെരിങ്ങോട്ടുകര | കോട്ടയം |
| 14. മഞ്ഞളി ക്രിസ്റ്റോ | ലൂർദ്ദ് | മേരിമാത |
| 15. ഒലക്കേങ്കിൽ ബ്രിൽവിൻ | പാവറട്ടി | കോട്ടയം |
| 16. പാലമറ്റം ആൽവിൻ | വെട്ടുക്കാട് | ഏലൂർ (AP) |
| 17. പാണേങ്ങാടൻ ക്ലിന്റ് | കരുമത്ര | മേരിമാത |
| 18. പട്ട്യേക്കൽ ആൽവിൻ | പുറനാട്ടുകര | മേരിമാത |
| 19. തെക്കേക്കര ജാക്സൺ | പുറനാട്ടുകര | മേരിമാത |

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

# നാളാഗമം

**ഏപ്രിൽ 2021**

1. അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ ബസിലിക്കാ ദൈവാലയത്തിൽ പെസഹാവ്യാഴ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. രാവിലെ വിയ്യൂർ സെന്റർ ജയിലിൽ വിശുദ്ധ ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് പെരിങ്ങണ്ടൂർ ഗ്രേയ്സ് ഹോമിൽ എയ്ഡ്സ് രോഗികളായവരുടെ കാലുകഴുകൽ ശുശ്രൂഷ നടത്തി. വൈകിട്ട് അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ് കത്തീഡ്രലിൽ നടന്ന പൊതു ആരാധനയിൽ പങ്കുചേർന്നു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ലൂർദ്ദ് കത്തീഡ്രലിൽ പെസഹാവ്യാഴ തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി.
2. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ് കത്തീഡ്രലിൽ വച്ചു നടന്ന ദുഃഖവെള്ളിയുടെ തിരുക്കർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. അന്നേ ദിവസം വൈകിട്ട് ബസിലിക്ക ദൈവാലയത്തിൽ നടന്ന പരിഹാരപ്രദക്ഷിണത്തിന് നേതൃത്വം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പുത്തൻപള്ളിയിൽ ദു:ഖവെള്ളി തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകുകയും ഉച്ചകഴിഞ്ഞ് അത്താണി പീസ്ഹോമിൽ കുരിശിന്റെ വഴിയിൽ പങ്കെടുക്കുയും ചെയ്തു.

3. അഭിവന്ദ്യ താഴത്ത് പിതാവ് പുത്തൂർ ഫൊറോന ദൈവാലയത്തിൽ വച്ചു നടന്ന ദുഃഖശനിയുടെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ലൂർദ്ദ് കത്തീഡ്രലിൽ ദുഖ:ശനി തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികനാകുകയും രാത്രി വൈകീട്ട് പുത്തൻപള്ളിയിൽ ഉയിർപ്പ് ശുശ്രൂഷക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു.
4. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ് കത്തിഡ്രലിൽ വച്ചു നടന്ന ഈസ്റ്റർ തിരുക്കർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ വിയ്യൂർ സെൻട്രൽ ജയിലിൽ തടവുക്കാർക്ക് വേണ്ടി ഈസ്റ്റർ ബലി അർപ്പിക്കുകയും ഉച്ചക്ക് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ രോഗികൾക്ക് ക്ഷണം കൊടുത്തു. വൈകീട്ട് ജില്ലാ ആശുപത്രിയിൽ ഈസ്റ്റർ ആഘോഷങ്ങളിൽ സംബന്ധിച്ചു.
5. അഭിവന്ദ്യ താഴത്ത് പിതാവ് ഡി.ബി.സി.എൽ.സി യിലെ നവീകരിച്ച ഓഫീസ് സമുച്ചയത്തിന്റെ വെഞ്ചരിപ്പ് കർമ്മം നടത്തി. അന്നേദിവസം ചേർപ്പ് ലൂർദ്മാതാ കോൺവെന്റിലെ അൾത്താരയുടെ കൂദാശകർമ്മം നിർവഹിക്കുകയും ജൂബിലി ആഘോഷത്തിൽ പങ്കെടുക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ദൈവവിളി വാരാചാരണത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് മീഡിയ കത്തോലിക്ക തൽസമയം പ്രക്ഷേപണം ചെയ്ത വി. ബലി ഡി.ബി.സി. എൽ.സി.യിൽ അർപ്പിക്കുകയും കാലം ചെയ്ത അഭിവന്ദ്യ ജോസഫ് പാസ്റ്റർ നീലങ്കാവിൽ പിതാവിന് വേണ്ടി കുറ്റൂർ പള്ളിയിൽ വി. ബലി അർപ്പിക്കുകയും തുടർന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.
6. അഭിവന്ദ്യ ടോണി പിതാവ് രാവിലെ നെടുപുഴയിലെ എം.എസ്.എം.ഐ. കോൺവെന്റിൽ രജത ജൂബിലി ആഘോഷങ്ങളുടെ ആരംഭത്തോടനുബന്ധിച്ച് വി. ബലി അർപ്പിച്ചു.
7. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കാഞ്ഞാണിയിൽ എസ്. എൽ. എം. ഐ. കോൺവെന്റിലും തുടർന്ന് മരണമടഞ്ഞ എസ്.എസ്.ജെ.ഡബ്ള്യൂ. കോൺഗ്രിഗേഷനിലെ ബഹു. സി. വിമൽ റോസിനു വേണ്ടി പീച്ചി പള്ളിയിലും വി. ബലി അർപ്പിച്ചു. വൈകീട്ട് മരിയാപുരത്ത് വച്ച് നടന്ന എം. എം. ബി. കോൺഗ്രിഗേഷന്റെ കേരളാ പ്രോവിൻസിന്റെ സിനാക്സിസിൽ ക്ലാസ്സ് നയിച്ചു.
8. അഭിവന്ദ്യ താഴത്ത് പിതാവ് മരിയാപുരത്തുള്ള MMB ആശ്രമത്തിൽ വിശുദ്ധ ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മർത്ത കോൺവെന്റിൽ വി. ബലി അർപ്പിക്കുകയും പറോക് സർവ്വേ

മീറ്റിങ്ങിൽ പങ്കെടുക്കുകയും വടുക്കര ഹോളി ഫാമിലി കോൺവെന്റിൽ പ്രോവിൻസ് തലത്തിലെ കുടുംബ വർഷത്തോടനുബന്ധിച്ച് വി. ബലി അർപ്പിക്കുകയും തുടർന്ന് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

9. അഭിവന്ദ്യ ടോണി പിതാവ് രാവിലെ അസീസ്സി കോൺവെന്റിൽ വി. ബലി അർപ്പിക്കുകയും ഉച്ചക്ക് യു.കെ. യിൽ ശുശ്രൂഷക്കായി പോകുന്ന ബഹു. വിൻസെന്റ് ചിറ്റിലപ്പിള്ളി അച്ചന് അരമനയിൽ വച്ച് നൽകിയ യാത്രയയപ്പ് സമ്മേളനത്തിൽ സംബന്ധിക്കുകയും ചെയ്തു. വൈകീട്ട് എൻ.ബി.സി.എൽ.സി. ഗവേർണിംഗ് ബോർഡ് വിർച്ചൽ മീറ്റിംങ്ങിലും എൽ. ആർ. സിയുടെ ചരിത്രഗവേഷണ വെബിനാറിലും പങ്കെടുത്തു.
10. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പള്ളിക്കുന്ന് പള്ളിയിലും ഉച്ചകഴിഞ്ഞ് നോർത്ത് ചാലക്കുടി പള്ളിയിലും വിവാഹങ്ങൾ ആശീർവ്വദിച്ചു.
11. അഭിവന്ദ്യ താഴത്ത് പിതാവ് പുത്തൻപീടികയിൽ പുതുതായി നിർമ്മിച്ച കപ്പേളയുടെ വെഞ്ചരിപ്പ് നിർവ്വഹിച്ചു. ഉച്ചകഴിഞ്ഞ് കുറ്റൂർ സീയോൻ സെന്ററിൽ വച്ചു നടന്ന LOAF ന്റെ കൂട്ടായ്മയിൽ പങ്കെടുത്തു. വൈകിട്ട് ഒന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥിയായ ബ്രദർ ആൽബിൻ ചൂണ്ടലിന്റെ പിതാവിന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കനകമല കുരിശുമുടി മാർത്തോമ്മാ തീർത്ഥകേന്ദ്രത്തിൽ വി. ബലി അർപ്പിക്കുകയും ബ്രദർ ആൽബിൻ ചൂണ്ടലിന്റെ അന്തരിച്ച അപ്പച്ചനു വേണ്ടി ചൂണ്ടലിലെ വസതിയിൽ പോയി ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.
12. അഭിവന്ദ്യ താഴത്ത് പിതാവ് സ്കൂൾ സിസ്റ്റേഴ്സ് ഓഫ് സെന്റ് ഫ്രാൻസിസിലെ സിസ്റ്റേഴ്സിന്റെ ജൂബിലിയുടെ ഭാഗമായി ലൂർദ് കത്തീഡ്രലിൽ വിശുദ്ധ ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കല്ലൂർ കിഴക്കെ പള്ളിയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകുകയും പുതുക്കാട് ഫൊറോനയിലെ അച്ചന്മാരുടെ മാസധ്യാനത്തിൽ സംബന്ധിക്കുകയും ലൂർദ്ദിൽ നടന്ന സ്കൂൾ സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. വൈകീട്ട് പാസ്റ്ററൽ സെന്ററിൽ കത്തോലിക്കസഭ പത്രത്തിന്റെ എഡിറ്റോറിയൽ മീറ്റിംങ്ങിൽ സംബന്ധിച്ചു.
13. അഭിവന്ദ്യ താഴത്ത് പിതാവ് സാന്ത്വനത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച SWIFT സൂപ്പർമാർക്കറ്റിന്റെ ഉദ്ഘാടനവും വെഞ്ചരിപ്പും നിർവ്വ

ഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കൊടകരയിൽ ജീവൻ ജ്യോതി സിസ്റ്റേഴ്സിന്റെ സിനാക്സിസിൽ വി. ബലി അർപ്പിക്കുകയും ക്ലാസ്സ് എടുക്കുകയും തൃശ്ശൂർ അതിരൂപതയുടെ സാമൂഹ്യ-ക്ഷേമ വിഭാഗമായ സാന്ത്വനത്തിന്റെ കീഴിലുള്ള സാന്ത്വനം സ്വിഫ്റ്റ് മാർട്ടിന്റെ വെഞ്ചിരിപ്പ് കർമ്മത്തിലും തുടർന്ന് നടന്ന മീറ്റിംങ്ങിലും പങ്കെടുക്കുകയും ചെയ്തു. വൈകീട്ട് മേരിമാതാ മേജർ സെ മിനാരിയിൽ തിയോളജി ഫാക്കൽറ്റി മീറ്റിംഗിൽ സംബന്ധിച്ചു.

14. അഭിവന്ദ്യ താഴത്ത് പിതാവ് ഫാമിലി അപ്പസ്തോലേറ്റിൽ വച്ചു നടന്ന റേഷൻ കാർഡിന്റെ വിതരണോദ്ഘാടനം നിർവ്വഹിച്ചു. വൈകിട്ട് കോലഴിയിൽ വച്ചു നടന്ന ജീസസ്സ് യൂത്തിന്റെ മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് ജൂബിലി മിഷൻ ആശുപത്രിയിൽ വച്ചു നടന്ന JMMC ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പേരകം പള്ളിയിൽ ആദ്യ കുർബാന സ്വീകരണത്തിന് മുഖ്യകാർമ്മികൻ ആകുകയും ഫാമിലി അപ്പോസ്റ്റോലേറ്റിൽ റേഷൻ കാർഡ് വിതരണത്തിൽ പങ്കെടുക്കുകയും വൈകീട്ട് ദീപിക പത്രത്തിന്റെ തൃശ്ശൂർ സ്റ്റാഫിന്റെ ഫാമിലി ഗാതറിങ്ങിൽ പങ്കെടുക്കുകയും ജൂബിലി മിഷ്യൻ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംങ്ങിൽ പങ്കെടുക്കുകയും ചെയ്തു.

15. അഭിവന്ദ്യ താഴത്ത് പിതാവ് തലോർ ഇടവകയിൽ വിശുദ്ധ ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ചേറ്റുപുഴ എസ്.എ.ബി.എസ്. പ്രോവിൻഷ്യൽ ഹൗസിൽ സിസ്റ്റേഴ്സിന്റെ പ്രഥമവ്രത വാഗ്ദാനത്തിലും വി. കുർബാനയിലും മുഖ്യ കാർമ്മികത്വം വഹിച്ചു. വൈകീട്ട് ലൂർദ്ദ് ഫൊറോനയിലെ വൈദീകരുടെ മാസധ്യാനത്തിൽ പങ്കെടുക്കുകയും ചെയ്തു.

16. അഭിവന്ദ്യ താഴത്ത് പിതാവ് ഫാമിലി അപ്പസ്തോലേറ്റിൽ വച്ചു കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ നേതൃത്വത്തിൽ നടന്ന അദ്ധ്യാപകരുടെ മീറ്റിംങിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ആമ്പക്കാട് പള്ളിയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകുകയും പാക്ടിന്റെ മീറ്റിംങ്ങിൽ പങ്കെടുക്കുകയും ഫാമിലി അപ്പോസ്റ്റോലേറ്റിൽ കാത്തലിക്ക് ടീച്ചേർഴ്സ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച യാത്രയയപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയും ചെയ്തു. വൈകീട്ട് നിർമ്മാണത്തിലിരിക്കുന്ന പുല്ലംകണ്ടം പള്ളി സന്ദർശിച്ച് സെമിനാരിക്കാരടക്കമുള്ള അവിടെയുള്ള സന്നദ്ധ പ്രവർത്തകരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

17. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ സെന്റ് ആൻസ് സിസ്റ്റേഴ്സിന്റെ ചാപ്റ്ററിനോടനുബന്ധിച്ച് കൊടകര സഹൃദയ കോളേജിൽ വിശുദ്ധ ബലിയർപ്പിച്ചു. അന്നേദിവസം വൈകിട്ട് വെസ്റ്റ് ഫോർട്ടിലുള്ള എസ്.എൽ.എം.ഐ. സിസ്റ്റേഴ്സിന്റെ സിനാക്സിസിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ചെമ്പൂക്കാവ് പള്ളിയിൽ കൂടുതുറക്കൽ ശുശ്രുഷക്കും വി. കുർബാനക്കും മുഖ്യ കാർമ്മികനായി.
18. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അതിരൂപതാദിനത്തോടനുബന്ധിച്ച് പുത്തൂർ ഫൊറോന പള്ളിയിൽ കാൽനാട്ടുകർമ്മം നിർവഹിച്ചു. ഉച്ചയ്ക്ക് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് മാർ കുണ്ടുകുളം അനുസ്മരണം നടത്തി. വൈകിട്ട് ഡി.ബി.സി.എൽ.സി യിൽ വച്ച് LOAF അംഗങ്ങളുടെ വ്രതവാഗ്ദാനത്തോടനുബന്ധിച്ച് വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ നെല്ലിക്കുന്ന് പള്ളിയിൽ വി. ബലി അർപ്പിച്ച് കുടുംബവർഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും വെസ്റ്റ് ഫോർട്ടിൽ എസ്. എൽ. എം. ഐ. നിർമ്മലാലയം കോൺവെന്റിൽ വി. ബലി അർപ്പിക്കുകയും പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ജനറൽ കൗൺസിൽ ടീമിന് ആശംസ നേരുകയും ചെയ്തു. വൈകീട്ട് മരത്താക്കരയിൽ ഫാമിലി അപ്പോസ്റ്റോലേറ്റിന്റെ നേതൃത്വത്തിലുള്ള ട്രിനിറ്റി കപ്പിൾസ് പ്രോഗ്രാമിൽ സംബന്ധിക്കുകയും ഡി.ബി.സി.എൽ.സി.യിൽ ലോഫ് കമ്മ്യൂണിറ്റിയിൽ വ്രതവാഗ്ദാനം നടത്തിയ കുടുംബങ്ങൾക്ക് ആശംസ നേരുകയും ചെയ്തു.
19. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മറ്റം പള്ളിയിൽ സ്ക്കുൾ സിസ്റ്റേഴ്സിലെ സി. ലില്ലിയുടെ രജത ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.
20. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മെത്രാന്മാരുടെ മീറ്റിംങ്ങിൽ പങ്കെടുത്തു.
21. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കൺസൽട്ടേഴ്സ് മീറ്റിംങ്ങിൽ പങ്കെടുക്കുകയും ഉച്ചകഴിഞ്ഞ് പറപ്പൂർ പള്ളിയിൽ സി.എം.സി. സിസ്റ്റേഴ്സിന്റെ പ്രഥമവ്രത വാഗ്ദാനത്തിലും വി. കുർബാനയിലും മുഖ്യ കാർമ്മികത്വം വഹിക്കുകയും ചെയ്തു.
22. അഭിവന്ദ്യ താഴത്ത് പിതാവ് സി.എസ്.സി. സന്യാസസമൂഹത്തിലെ വ്രതവാഗ്ദാനം നടത്തുന്നവരുമായി കൂടിക്കാഴ്ച നടത്തി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ഇരിങ്ങാലക്കുടയിൽ മർത്ത സിസ്റ്റേഴ്സിന്റെ കോൺവെന്റിൽ വി. ബലി അർപ്പിക്കുകയും വൈദീകരുടെ

പഴ്സണൽ ബോർഡ് മീറ്റിംഗിൽ പങ്കെടുക്കുകയും വൈകീട്ട് ചേറൂരിൽ നെസ്റ്റ് ഡി–അഡിക്ഷൻ സെന്ററിൽ ചികിത്സയിൽ കഴിയുന്നവർക്ക് വേണ്ടി വി. ബലി അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

23. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ആമ്പല്ലൂരിൽ അളഗപ്പനഗറിലെ ത്യാഗരാജാർ പോളിടെക്നിക്ക് കോളേജിൽ പുതിയതായി നിർമ്മിച്ച സ്റ്റുഡൻസ് ഫസിലിറ്റേഷൻ സെന്റർ വെഞ്ചിരിക്കുകയും തുടർന്ന് നടന്ന മീറ്റിംങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയും ചെയ്തു. അന്തരിച്ച ബഹു. ജോർജ്ജ് ചിറമേൽ അച്ചന്റെ മൃതദേഹം ദഹിപ്പിക്കുന്നതിന്റെ തിരുകർമ്മങ്ങൾക്ക് ഉച്ചക്കഴിഞ്ഞ് ലാലൂർ ക്രിമേഷൻ സെന്ററിൽ നേതൃത്വം നൽകുകയും എൽ. ആർ. സി. ഓൺലൈൻ മീറ്റിംങ്ങിൽ പങ്കെടുക്കുകയും ചെയ്തു.

24. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മീഡിയ കത്തോലിക്ക തൽസമയം പ്രക്ഷേപണം ചെയ്ത വി. ബലി ഡി.ബി.സി.എൽ.സി.യിൽ അർപ്പിച്ചു.

25. അഭിവന്ദ്യ താഴത്ത് പിതാവ് ഡി. ബി. സി. എൽ. സി. യിൽ ഓൺലൈനായി വിശുദ്ധ ബലിയർപ്പിച്ചു. വൈകിട്ട് കെ.സി. വൈ.എമ്മിന്റെ ഫൊറോനതലത്തിൽ നേതൃത്വം നൽകുന്നവരുടെ ട്രെയ്നിംഗ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

26. അഭിവന്ദ്യ താഴത്ത് പിതാവ് കൽപ്പറമ്പ് ഇടവകയിൽ വച്ചു നടന്ന ഫാ. ജോർജ്ജ് ചിറമ്മലിന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. വൈകിട്ട് പെരിങ്ങണ്ടൂരുള്ള ഗ്രേയ്സ് ഹോമിന്റെ ഹോം ഡേ ആഘോഷത്തിൽ പങ്കുചേർന്നു. അഭിവന്ദ്യ ടോണി പിതാവ് കാലം ചെയ്ത അഭിവന്ദ്യ മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ 23 ാം ചരമവാർഷികത്തോടനുബന്ധിച്ച് പെരിങ്ങണ്ടൂരിൽ ഗ്രേയ്സ് ഹോമിൽ രാവിലെ വി. ബലി അർപ്പിക്കുകയും തിരൂർ എഫ്.സി.സി. കോൺവെന്റ് ചാപ്പലിൽ ജനറൽതലത്തിലുള്ള സിസ്റ്റേഴ്സിന്റെ സിൽവർ ജൂബിലി ആഘോഷങ്ങളോടുബന്ധിച്ച് വി. ബലി അർപ്പിക്കുകയും അന്തരിച്ച ബഹു. ജോർജ്ജ് ചിറമേൽ അച്ചന്റെ മൃതദേഹ സംസ്ക്കാര കർമ്മത്തിലെ കൽപ്പറമ്പിലെ വസതിയിലെ ശുശ്രൂഷക്ക് നേതൃത്വം നൽകുകയും തുടർന്ന് കൽപ്പറമ്പ് പള്ളിയിൽ നടന്ന മൃതദേഹ സംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തു.


27. അഭിവന്ദ്യ ടോണി പിതാവ് രാവിലെ സെന്റ് തോമസ് കോളേജിന്റെ ലൈബ്രറി വിഭാഗത്തിന്റെ ഒരു ഗൂഗിൾ മീറ്റിൽ പങ്കെടുത്തു.

28. അഭിവന്ദ്യ താഴത്ത് പിതാവ് സി.ബി.സി.ഐയുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പോട്ടോർ പള്ളിയിൽ ആദ്യകുർബാന സ്വീകരണത്തിനും തൈലാഭിഷേകത്തിനും മുഖ്യകാർമ്മികത്വം വഹിച്ചു. വൈകീട്ട് പറോക്കിന്റെ സാമൂഹ്യ–സാമ്പത്തിക സർവ്വേയുടെ എക്സ്പെർട്ട്സിന്റെ ഓൺലൈൻ മീറ്റിങ്ങിന് നേതൃത്വം നൽകി.
29. അഭിവന്ദ്യ താഴത്ത് പിതാവ് സി.ബി.സി.ഐയുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ആലുവായിലെ സി. എം. സി. ജനറലെറ്റിൽ സിസ്റ്റേഴ്സിന്റെ നിത്യവ്രത വാഗ്ദാനത്തിലും വി. കുർബാനയിലും മുഖ്യ കാർമ്മികത്വം വഹിച്ചു.
30. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കുരിയച്ചിറ ഇടവകയുടെ നവതിയോടനുബന്ധിച്ച് തയ്യാറാക്കിയ ഭക്തിഗാനങ്ങളുടെ സി.ഡി. പ്രകാശനം മീഡിയ കത്തോലിക്കയിൽ നിർവ്വഹിച്ചു. ഉച്ചക്ക് ബഹു. ജെയ്സൺ തെക്കുംപ്പുറം അച്ചന്റെ അന്തരിച്ച അപ്പച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷക്ക് പള്ളിക്കുന്ന് പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകീട്ട് എൽ.ആർ.സി.യുടെ ചരിത്രഗവേഷണ വെബിനാറിൽ പങ്കെടുക്കുകയും ചെയ്തു.

# ധന്യൻ
# അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

## ഊക്കനെച്ചന്റെ തിരുഹൃദയ ചിന്തകൾ

പുതിയ നിയമഗ്രന്ഥത്തെയും വിശുദ്ധർക്ക് ലഭിച്ച തിരു ഹൃദയ ദർശനങ്ങളെയും താരതമ്യപ്പെടുത്തി നോക്കുമ്പോൾ തിരുഹൃദയത്തിന്റെ സിരാകേന്ദ്രം സ്നേഹമാണെന്ന് മനസ്സിലാക്കാം. പരസ്യ ജീവിതകാലത്തുതന്നെ തന്റെ ഹൃദയത്തിന്റെ ആഴവും വ്യാപ്തിയും ഈശോ നമുക്ക് വെളിപ്പെടുത്തിത്തന്നു (മത്തായി 11:28 29). അതിനാൽ സ്നേഹത്തിനും ആശ്വാസത്തിനുമായി ആഗ്രഹിക്കുന്നവർക്ക് ഈശോയുടെ ഹൃദയം അത്താണിയാണെന്നും തന്മൂലം അപേക്ഷകളൊന്നും ഉപേക്ഷിക്കാത്ത ദൈവീക കരുതലിന്റെ സ്പർശം തങ്ങൾ അനുഭവിച്ചറിയുന്നത് തിരുഹൃദയത്തിൽ ആണെന്നും മനുഷ്യർ തിരിച്ചറിഞ്ഞു. ഈശോയുടെ ഈ സ്നേഹത്തിന് നാം നൽകുന്ന ഒരു പ്രത്യുത്തരമാണ് തിരുഹൃദയഭക്തി. വീണ്ടും ഒരു ജൂൺ മാസത്തിലൂടെ കടന്നു പോകുമ്പോൾ, ലോകത്തിന്റെ ആരവങ്ങൾക്കപ്പുറം കാരുണ്യത്തി ന്റെ പുതുമുഖം ഈശോയുടെ തിരുഹൃദയത്തിൽ ദർശിച്ച ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ചിന്തകളെ നമുക്കൊന്ന് ധ്യാനിക്കാം.



ഈശോയുടെ തിരുഹൃദയ ഭാവം ഉൾക്കൊണ്ട ഊക്കനച്ചന്റെ ഒരു പ്രാർത്ഥന ഇങ്ങനെ ആയിരുന്നു. 'എന്നെ ഈശോയു

ടെ തിരുഹൃദയത്തെ അനുകരിക്കുന്ന ഒരു ഉത്തമ വൈദികനാക്കുക അല്ലെങ്കിൽ ഉപേക്ഷിക്കുക; ഞാൻ ഇപ്പോൾത്തന്നെ മരിച്ചുകൊള്ളട്ടെ'. ധ്യാനമനനങ്ങളിലൂടെ, ഈശോയുടെ തിരുഹൃദയം രക്ഷയുടെ ഉറവിടമാണെന്ന് അദ്ദേഹത്തിന് ബോധ്യപ്പെട്ടു. നമ്മെ പാപത്തിന്റെ അടിമത്തത്തിൽ നിന്ന് രക്ഷിച്ച് സ്വന്തമാക്കിയ ഈശോയുടെ ഹൃദയത്തെക്കുറിച്ച് ആ ധന്യാത്മാവ് ഇങ്ങനെ എഴുതി: 'മനുഷ്യനായി ത്തീരുന്നതിനും നമ്മെ അടിമത്തത്തിൽ നിന്ന് വിമുക്തരാക്കുന്നതിനും യേശു വ്യഗ്രതചിത്തനായിരുന്നു. ബാല്യം മുതൽ അതിനുവേണ്ടി ആ ഹൃദയം സഹിച്ചു. നിഷ്ഠൂരമായ മരണശേഷവും സഹിച്ചു കൊണ്ടിരിക്കുന്നു. ഹാ ഈശോയുടെ തിരുഹൃദയത്തിന് മനുഷ്യമക്കളോടുള്ള സ്നേഹം'. സർവ്വ അനുഗ്രഹങ്ങളുടെയും ഉറവിടമാണ് ഈശോയുടെ ഹൃദയമെന്ന് വിവേചിച്ചറിഞ്ഞ ഊക്കനച്ചന്റെ ചിന്ത ഇങ്ങനെയായിരുന്നു: 'അവരുടെ എല്ലാ ഉദ്യമങ്ങളിലും ഞാൻ അനുഗ്രഹമാരി ചൊരിയും. എന്ത് ഉദാരത! ഏറ്റവും മാധുര്യമുള്ള ഹൃദയത്തിനല്ലാതെ മറ്റാർക്കാണ് ഇങ്ങനെയൊരു വാഗ്ദാനം നൽകുവാൻ സാധിക്കുക?' ശാന്തശീലനും വിനീതഹൃദയനുമായ ഈശോയുടെ വ്യക്തിത്വത്തിന്റെ പ്രത്യേകത സ്വാംശീകരിച്ച് അദ്ദേഹം ഇങ്ങനെ പ്രാർത്ഥിച്ചു: 'ഹൃദയശാന്തതയും എളിമയുമുള്ള ഈശോയേ, എന്നെയും അങ്ങേയ്ക്ക് അനുരൂപനാക്കണമേ'. തുടർന്നദ്ദേഹം ഇങ്ങനെ ഉദ്ഘോഷിച്ചു: 'എന്റെ മാതൃക ഈശോയുടെ തിരുഹൃദയമാണ്'.


ഈ തിരുഹൃദയ സ്നേഹം വീരോചിത പ്രവർത്തികൾ ചെയ്യുവാൻ ഊക്കനച്ചനെ പ്രാപ്തനാക്കി: 'ഈശോയുടെ തിരുഹൃദയ ത്തോടുള്ള സ്നേഹവും ഉപേക്ഷിക്കപ്പെട്ട ആത്മാക്കളോടുള്ള തീക്ഷ്ണതയുംമൂലം എന്നെ അവർക്കനുരൂപനാക്കി വീരോചിതമായ പ്രവർത്തികൾ ചെയ്യണം'. സ്നേഹത്തിന്റെ വറ്റാത്ത ഉറവിടമായ തിരുഹൃദയത്തിൽ അള്ളിപിടിച്ചുകൊണ്ട് മനുഷ്യഹൃദയങ്ങളിൽ കാരുണ്യത്തിന്റെ വിത്തുപാകിയ ജീവിതമായിരുന്നു പിന്നീട് ഊക്കനച്ചന്റേത്. എല്ലാ മാസാദ്യ വെള്ളിയാഴ്ചകളിലും കുമ്പസാരിച്ച് വിശുദ്ധ കുർബാന സ്വീകരിക്കണമെന്ന ഉപദേശവും, രാത്രി ആരാധനയും, ജൂൺ വണക്കമാസവും, തിരുഹൃദയത്തിരുനാൾ ആഘോഷവും, കുടുംബങ്ങളിൽ തിരുഹൃദയരൂപം സ്ഥാപിച്ച് പ്രതിഷ്ഠ നടത്തുകയും എല്ലാ വർഷവും ഇതു നവീകരിക്കണമെന്ന് ഉപദേശിക്കുകയും ചെയ്ത ഊക്കനച്ചനെ, ദൈവജനം ആദരവോടെ ഓർക്കുന്നത് അതുകൊണ്ടെല്ലാമാണ്. ഈ കോവിഡ 19 എന്ന മഹാമാരിയുടെ കാലത്ത് നമുക്കും ഈ പുണ്യ പിതാവിനെപ്പോലെ ഈശോയുടെ തിരുഹൃദയത്തിൽ അഭയം തേടാം, ഞങ്ങളെ അനുഗ്രഹിക്കണമേ എന്ന് പ്രാർത്ഥിക്കാം.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

**ഈശോയുടെ തിരുഹൃദയം:**

"അങ്ങ് മനുഷ്യനെ ഇത്ര കാര്യമാക്കാനും അവന്റെ പ്രവൃത്തികൾ ഉറ്റുനോക്കാനും അവൻ ആരാണ്" (ജോബ് 7:17). മനുഷ്യാവതാരത്തിനു നൂറ്റാണ്ടുകൾക്കു മുമ്പ് വിശുദ്ധ പ്രവാചകനായ ജോബ് വിശ്വാസത്തിന്റെ കണ്ണുകൾ കൊണ്ട് ദിവ്യരക്ഷകനെ കാണുകയും അവിടുത്തെ സ്നേഹിക്കുകയും ചെയ്തു എന്ന് അന്തോണിയച്ചൻ വ്യാഖ്യാനിക്കുന്നു. നാമാകട്ടെ മനുഷ്യാവതാരത്തിന് 20 നൂറ്റാണ്ടു പിന്നിട്ട്, എത്രയോ അനുഭവങ്ങൾ ലഭിച്ചതിനു ശേഷവും അവിടുത്തെ സ്നേഹിക്കാൻ ഇനിയും പ്രേരിപ്പിക്കപ്പെടണം. 13-ാം നൂറ്റാണ്ടിൽ ജർമ്മനിയിൽ ജീവിച്ചിരുന്ന ബനഡിക്ടൈൻ സന്യാസിനിയും മിസ്റ്റിക് ദൈവശാസ്ത്രജ്ഞയുമായ വി. ജർത്രൂദിനോട് ഈശോ പറഞ്ഞു: "നീ നിന്റെ ഹൃദയം എനിക്കു തരുന്നതിനായി ഞാൻ എന്റെ ഹൃദയം നിനക്ക് തരുന്നു". ഈശോയുടെ സ്നേഹ



ത്തെക്കുറിച്ചും നാം അവിടു ത്തേക്ക് തിരിച്ചു നൽകേണ്ട സ്നേഹത്തെക്കുറിച്ചും നാം ചിന്തിക്കണം എന്ന് അച്ചൻ ഓർമ്മിപ്പിക്കുന്നു.

പ്രവാചകൻ വഴി ദൈവം പണ്ട് ഇസ്രായേലിനോട് പറഞ്ഞു. "നിത്യമായ സ്നേഹത്തിൽ ഞാൻ നിന്നെ സ്നേഹിച്ചു" (ജറ 31:3). നമ്മുടെ ദൗർഭാഗ്യങ്ങളിൽ ഈശോ തന്റെ പരിശുദ്ധമായ കണ്ണുകൾ തുറന്ന് കണ്ണീർ പൊഴിക്കുന്നു. നന്ദിയില്ലാത്ത പട്ടണമായ ജറുസലത്തെ ക്കുറിച്ച് അവിടുന്ന് വിലപിക്കുന്നു. ഇത് ധ്യാനിക്കുന്ന വി. ബർണാർഡ് ഇപ്രകാരം പറയുന്നു: "നിന്നെ വെറുക്കുന്നവരോടും പീഡിപ്പിക്കുന്നവ രോടും ഇത്രയേറെ സ്നേഹം കാണിക്കുന്നുവെങ്കിൽ നിന്നെ സ്നേഹി ക്കുന്നവരെ എത്രമാത്രം നീ തിരിച്ചു സ്നേഹിക്കും". അവിടുന്ന് നമ്മുടെ പാപങ്ങൾ ഓർത്ത് കരയുന്നു. ഒലിവുതോട്ടത്തിൽ നമ്മുടെ പാപങ്ങളെ ക്കുറിച്ചു കരഞ്ഞു. ഇതെല്ലാം ഈശോയെ സ്നേഹിക്കാൻ നമ്മെ പ്രേരിപ്പിക്കേണ്ടതല്ലേ എന്ന് അച്ചൻ ചോദിക്കുന്നു.

എല്ലാവരേയും അടുത്തേക്കു വിളിക്കുന്ന ഈശോയുടെ സ്നേഹവായ്പ് അവിടുത്തെ തിരിച്ചു സ്നേഹിക്കാൻ നമ്മെ ശക്തരാക്കണം. അമ്മമാരെ തടഞ്ഞ അപ്പസ്തോലന്മാരോട് "കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരാൻ അനുവദിക്കുവിൻ. അവരെ തടയേണ്ട" (മർക്കോസ് 10:14) എന്ന് ഈശോ പറഞ്ഞതും അന്ധരും മുടന്തരും രോഗികളും കുഷ്ഠരോഗികളുമായി സഹിക്കുന്ന എല്ലാവരോടും "നിങ്ങൾ എല്ലാവരും എന്റെ അടുക്കൽ വരിക" എന്ന് അവിടുന്ന് അരുളിച്ചെയ്തതും തിരുഹൃദയത്തിലേക്ക് നോക്കാനും ആ സ്നേഹത്തിൽ വളരാനും പ്രേരകശക്തിയാണെന്ന് അച്ചൻ ഉദ്ബോധിപ്പിക്കുന്നു.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

# വൈദികർ




## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ബിജു ജോസഫ് ആലപ്പാട്ട് | 01 |
| ഫാ. വർഗ്ഗീസ് തരകൻ | 01 |
| ഫാ. ജിമ്മി എടക്കുളത്തൂർ | 03 |
| ഫാ. ആന്റോ കാഞ്ഞിരത്തിങ്കൽ | 03 |
| ഫാ. ജിജോ കപ്പിലാംനിരപ്പേൽ | 06 |
| ഫാ. തോമസ് എടക്കളത്തൂർ | 07 |
| ഫാ. അജിത്ത് ചിറ്റിലപ്പിള്ളി | 07 |
| ഫാ. ജിബിൻ താഴേക്കാടൻ | 07 |
| ഫാ. സ്റ്റാർസൻ കള്ളിക്കാടൻ | 08 |
| ഫാ. അജീഷ് പെരിഞ്ചേരി | 08 |
| ഫാ. പ്രിൻസ് നായങ്കര | 09 |
| ഫാ. ജിക്സൺ മാളോക്കാരൻ | 09 |
| ഫാ. ആന്റോ പാണേങ്ങാടൻ | 10 |
| ഫാ. ഷിജോ പള്ളിക്കുന്നത്ത് | 12 |
| ഫാ. തോമസ് പൂപ്പാടി | 12 |
| ഫാ. ആന്റണി ചിറ്റിലപ്പിള്ളി | 14 |
| ഫാ. ജോബി പുത്തൂർ | 16 |
| ഫാ. ടോണി കാക്കശ്ശേരി | 17 |
| ഫാ. സെബാസ്റ്റ്യൻ വെട്ടത്ത് | 17 |
| ഫാ. ജിമ്മി കള്ളിങ്കൽക്കുടിയിൽ | 18 |
| ഫാ. ഫെബിൻ കൂത്തൂർ | 18 |
| ഫാ. സാവിയോ തലോണിക്കര | 18 |
| ഫാ. ജിയോ പള്ളിപ്പുറത്തുക്കാരൻ | 19 |
| ഫാ. പോൾ ചാലിശ്ശേരി | 20 |
| ഫാ. നോബി അമ്പൂക്കൻ | 22 |
| ഫാ. പോൾ മാളിയമ്മാവ് | 23 |
| ഫാ. ദാവീദ് വിതയത്തിൽ | 24 |
| ഫാ. ഡേവിസ് തെക്കേക്കര | 24 |
| ഫാ. യേശുദാസ് നെടുമ്പക്കാരൻ | 25 |
| ഫാ. ജേക്കബ് എടക്കളത്തൂർ | 29 |

# FEAST DAY



## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ജസ്റ്റിൻ തടത്തിൽ | 01 |
| ഫാ. ആന്റണി ഐനിക്കൽ | 13 |
| ഫാ. ഫിജോ ആലപ്പാടൻ | 13 |
| ഫാ. ആന്റണി ആലുക്ക | 13 |
| ഫാ. ആന്റണി അമ്മുത്തൻ | 13 |
| ഫാ. ബാബു അപ്പാടൻ | 13 |
| ഫാ. സലീഷ് അറങ്ങാശ്ശേരി | 13 |
| ഫാ. സനോജ് അറങ്ങാശ്ശേരി | 13 |
| ഫാ. ആന്റണി ചെമ്പകശ്ശേരി | 13 |
| ഫാ. ലിബിൻ ചെമ്മണ്ണൂർ | 13 |
| ഫാ. ആന്റോ ചിറയത്ത് | 13 |
| ഫാ. ആന്റോ ചിരിയങ്കണ്ടത്ത് | 13 |
| ഫാ. അജിത്ത് ചിറ്റിലപ്പിള്ളി | 13 |
| ഫാ. അനീഷ് ചിറ്റിലപ്പിള്ളി | 13 |
| ഫാ. ആന്റണി ചിറ്റിലപ്പിള്ളി | 13 |
| ഫാ. ജോയ് ചിറ്റിലപ്പിള്ളി Jr. | 13 |
| ഫാ. ആന്റോ എടക്കുളത്തൂർ | 13 |
| ഫാ. ആന്റോസ് എലുവത്തിങ്കൽ | 13 |
| ഫാ. ആന്റോ കാഞ്ഞിരത്തിങ്കൽ | 13 |
| ഫാ. സിജോ കാട്ടൂക്കാരൻ | 13 |
| ഫാ. സോണി കിഴക്കൂടൻ | 13 |
| ഫാ. രാജു കൊക്കൻ | 13 |
| ഫാ. ഡിക്സൺ കൊളമ്പ്രത്ത് | 13 |
| ഫാ. ജോയ് കൊള്ളന്നൂർ | 13 |
| ഫാ ആന്റണി കൊള്ളന്നൂർ | 13 |
| ഫാ. റോയ്സൺ കൊള്ളന്നൂർ | 13 |
| ഫാ. ഫെക്സിൻ കൂത്തൂർ | 13 |
| ഫാ. ഫെബിൻ കൂത്തൂർ | 13 |
| ഫാ. ആന്റണി കുരുതുകുളങ്ങര | 13 |
| ഫാ. ജിന്റോ കുറ്റിക്കാട്ട് | 13 |
| ഫാ. ജിക്സൺ മാളോക്കാരൻ | 13 |
| ഫാ. ടൈസൻ മണ്ടുംപാൽ | 13 |
| ഫാ. ജോമോൻ മങ്ങാട്ടിലയൻ | 13 |
| ഫാ. ഷിജോ മാപ്രാണത്തുക്കാരൻ | 13 |
| ഫാ. ഡെന്നിസ് മാറോക്കി | 13 |
| ഫാ. സാജൻ മാറോക്കി | 13 |
| ഫാ. ആന്റണി മേച്ചേരിപ്പിടി | 13 |
| ഫാ. ആന്റണി മേച്ചേരി | 13 |
| ഫാ. ആന്റണി മേനാച്ചേരി | 13 |
| ഫാ. മേജോ മുത്തുപ്പീടിക | 13 |
| ഫാ. യേശുദാസ് നെടുമ്പക്കാരൻ | 13 |
| ഫാ. ആൻസൺ നീലങ്കാവിൽ | 13 |
| ഫാ. ആന്റോ ഒല്ലൂക്കാരൻ | 13 |
| ഫാ. ആന്റോ പാണേങ്ങാടൻ | 13 |
| ഫാ. ബിനു പറോക്കാരൻ | 13 |
| ഫാ. ജിന്റോ പെരേപ്പാടൻ | 13 |

ഫാ. സിജു പുളിക്കൻ 13
ഫാ. ആന്റോ രായപ്പൻ 13
ഫാ. അജിത്ത് തച്ചോത്ത് 13
ഫാ. റോജർ തരകൻ 13
ഫാ. ആന്റണി തെക്കിനിയത്ത് 13
ഫാ. ആന്റണി തേക്കാനത്ത് 13
ഫാ. ആന്റണി തോട്ടാൻ 13
ഫാ. ഷാജു ഊക്കൻ 13
ഫാ. സാജൻ വടക്കൻ 13
ഫാ. ടോണി വാഴപ്പിള്ളി 13
ഫാ. ലൂവീസ് എടക്കളത്തൂർ 21
ഫാ. ജോൺസൻ ചിറ്റിലപ്പിള്ളി 24
ഫാ. നവീൻ മുരിങ്ങാത്തേരി 24
ഫാ. ജോൺസൻ ഒലക്കേങ്കിൽ 24
ഫാ. ഷിന്റോ പാറയിൽ 24
ഫാ. ജോൺ പാവറട്ടിക്കാരൻ 24
ഫാ. സാജൻ പിണ്ടിയാൻ 24
ഫാ. ഡെമിൻ തറയിൽ 24
ഫാ. പോൾ അറക്കൽ 29
ഫാ. പോൾ ചാലിശ്ശേരി 29
ഫാ. ഡഗ്ലസ് ചെറുവത്തൂർ 29
ഫാ. ജീൻ ചിറയത്ത് 29
ഫാ. അൻവിൻ ചിറ്റിലപ്പിള്ളി 29
ഫാ. പോൾ ചിറ്റിലപ്പിള്ളി 29
ഫാ. ജോമോൻ ഇമ്മട്ടി 29
ഫാ. പോൾ കള്ളിക്കാടൻ 29
ഫാ. പോൾ കാപ്പാനി 29
ഫാ. പോൾ കാട്ടൂക്കാരൻ 29
ഫാ. ജോയ്സൻ കോരെത് 29
ഫാ. ടെഡ്സ് കുന്നപ്പിള്ളി 29
ഫാ. പോൾ മാളിയമ്മാവ് 29
ഫാ. ബിനോയ് മഞ്ഞളി 29
ഫാ. ഷിന്റോ മാറോക്കി 29
ഫാ. പോളി നീലങ്കാവിൽ 29
ഫാ. പോൾസൺ പാലത്തിങ്കൽ 29
ഫാ. പോൾ പയ്യപ്പിള്ളി 29
ഫാ. പോൾ പേരാമംഗലത്ത് 29
ഫാ. വിൽസൺ പിടിയത്ത് 29
ഫാ. പോൾ പിണ്ടിയാൻ 29
ഫാ. പോൾ പുളിക്കൻ 29
ഫാ. സിജോ പുത്തൂർ 29
ഫാ. സഞ്ജയ് തൈക്കാട്ടിൽ 29
ഫാ. ഷാന്റോ തലക്കോട്ടൂർ 29
ഫാ. ലിറിൽ തളിയപറമ്പിൽ 29
ഫാ. ജോമോൻ താണിക്കൽ 29
ഫാ. പോൾ താണിക്കൽ 29
ഫാ. ജെൻസ് തട്ടിൽ 29
ഫാ. പോൾസൺ തട്ടിൽ 29
ഫാ. പോൾ തേക്കാനത്ത് 29
ഫാ. സൈമൺ തേർമഠം 29
ഫാ. സിബിൻ ഊക്കൻ 29

# DEATH DAY



## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. യോഹന്നാൻ വാഴപ്പിള്ളി | 06–06–1895 |
| ഫാ. വർഗ്ഗീസ് പാറേക്കാട്ടിൽ | 08–06–1914 |
| ഫാ. അലക്സാണ്ടർ കയ്യാലകം | 07–06–1934 |
| ഫാ. ജോർജ്ജ് ഊക്കൻ | 28–06–1945 |
| ഫാ. ജോസഫ് പുല്ലോക്കാരൻ | 24–06–1952 |
| ഫാ. ഫ്രാൻസിസ് എളംകുന്നപ്പുഴ | 26–06–1953 |
| ഫാ. തോമസ് പാനികുളം | 26–06–1953 |
| ഫാ. ആന്റണി തച്ചുപറമ്പിൽ | 09–06–1963 |
| ഫാ. ജോസഫ് വിതയത്തിൽ | 08–06–1964 |
| ഫാ. ജോസഫ് കല്ലിങ്കൽ | 18–06–1971 |
| ഫാ. തോമസ് മാളിയേക്കൽ | 28–06–1978 |
| ഫാ. പോൾ ചാലിശ്ശേരി | 26–06–1982 |
| ഫാ. ജോൺ കുറ്റിക്കാട്ട് | 25–06–1983 |
| ഫാ. പീറ്റർ ആളൂർ | 07–06–1990 |
| ഫാ. പോൾ ചാഴൂർ | 18–06–1993 |
| ഫാ. പോൾ മഞ്ഞളി | 20–06–1995 |
| മോൺ. അപ്രേം പാലത്തിങ്കൽ | 14–06–1998 |
| ഫാ. അൽഫോൻസ് പുലിക്കോട്ടിൽ | 27–06–2011 |
| ഫാ. സിറിയക് മണ്ടുംപാല | 27–06–2014 |
| ഫാ. പോൾ വട്ടക്കുഴി | 30–06–2016 |

## ആദരാഞ്ജലികൾ

# റവ. ഫാ. ജോർജ്ജ് ചിറമ്മൽ (82)



ക്രിസ്തുവിനോടുള്ള തീക്ഷണതയിൽ മിഷൻഅജപാലന രംഗത്തും വിദ്യാഭ്യാസമേഖല യിലും സ്തുത്യർഹമായ സംഭ വാന നല്കി പ്രശോഭിക്കുകയും ചെയ്ത തൃശൂർ അതിരൂപതയിലെ സീനിയർ വൈദികനായ റവ. ഫാ. ജോർജ്ജ് ചിറമ്മേൽ 2021 ഏപ്രിൽ 22 രാത്രി 8 മണിക്ക് അന്തരിച്ചു.

ഇരിങ്ങാലക്കുട രൂപത കൽപ്പറമ്പ് ഇടവകയിലെ പരേതരായ ആന്റണി+ തെരേസ ദമ്പതികളുടെ മകനായി 1939 ആഗസ്റ്റ് 16 ന് ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി, മദ്രാസിലെ പൂനമല്ലി സെമിനാരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1967 ഡിസംബർ 19 ന് ആർച്ച് ബിഷപ്പ് അരുളപ്പയിൽ നിന്ന് പൂനമല്ലിയിൽ വെച്ച് തിരുപ്പട്ടം സ്വീകരിച്ചു.

ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുകാരനായി ദൈവജനത്തിനായി ഗുഹാത്തി രൂപതയിലെ ഷിലോങ്ങ് മിഷനിലെ മാർബിസു ഇടവകയിൽ സഹവികാരിയായി അജപാലനശുശ്രൂഷ ആരംഭിച്ച അദ്ദേഹം ഷിലോങ്ങിലെ സെന്റ് പോൾ സ്ക്കൂളിലെ പ്രൻസിപ്പാളായി പതിനൊന്ന് വർഷം സേവനമനുഷ്ഠിച്ചിട്ടുണ്ട്. തുടർന്ന് തൃശൂർ രൂപതയിലെ ഒല്ലൂർ ഇടവകയിൽ അസി. വികാരിയായും, പടവരാട്, ബ്രഹ്മകുളം എന്നിവടിങ്ങളിൽ ആക്ടിങ്ങ് വികാരിയായും, പേരാമംഗലം, നന്ദിപുലം, നന്ദിപുലം നോർത്ത്, അരിമ്പൂർ, ആർത്താറ്റ്, ചെമ്മണൂർ, പാലയൂർ, മുല്ലശ്ശേരി, ഇടക്കളത്തൂർ എന്നിവിടങ്ങളിൽ വികാരിയായും മഡോണ തൊഴിലഭ്യസനപീഠം പ്രിൻസിപ്പൾ, മഡോണ റീട്രീറ്റ് സെന്റ്ർ ഡയറക്ടർ, കുരിയച്ചിറ സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ മാനേജറും പ്രിൻസിപ്പാളും, ആർത്താറ്റ് സിബിഎസി സ്ക്കൂൾ സ്ഥാപകനും പ്രഥമ പ്രിൻസിപ്പാളും, ഒല്ലൂർ ഹോളി

ഏയ്ഞ്ചൽസ് സ്ക്കൂളിലെ അധ്യാപകൻ, പേരാമംഗലം വിജയമാത കോളേജ് പ്രിൻസിപ്പാൾ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. കാനഡയിലെ വാൻകൂവർ രൂപതയിൽ ഒരു വർഷം അജപാലന ശുശ്രൂഷ ചെയ്തിട്ടുണ്ട്. ഗുഹാത്തി യൂണിവേഴ്സിറ്റിയിൽ നിന്ന് ചരിത്രപഠനത്തിൽ അദ്ദേഹം മാസ്റ്റർ ബിരുദം നേടിയിട്ടുണ്ട്. 2013 ഫെബ്രുവരി 6 മുതൽ തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു.

2021 ഏപ്രിൽ 26നു നടത്തപ്പെട്ട മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗത്തിന് മാർ പോളി കണ്ണൂക്കാടൻ മുഖ്യകാർമ്മികത്വം വഹിച്ചു. രണ്ടാം ഭാഗത്തിനും മാർ ടോണി നീലങ്കാവിൽ പിതാവും മൂന്നും നാലും ഭാഗങ്ങൾക്ക് തൃശ്ശൂർ അതിരൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവും മുഖ്യ കാർമികത്വം വഹിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് വി. ബലി മദ്ധ്യേ അനുസ്മരണ സന്ദേശം നല്കി.

**കർത്താവിന്റെ മുന്തിരിത്തോട്ടത്തിലെ അധ്വാനത്തിനുശേഷം നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ചിറമ്മൽ ബഹു. ജോർജ്ജച്ചന് അതിരൂപതയുടെ പ്രാർത്ഥനാഞ്ജലികൾ.**

## ആദരാഞ്ജലികൾ

## റവ. ഫാ. ജേക്കബ് തൈക്കാട്ടിൽ (87)



ക്രിസ്തുവിനോടുള്ള തീഷ്ണതയിൽ മിഷൻരംഗത്ത് ദീർഘകാലം പ്രവർത്തിച്ച തൃശൂർ അതിരൂ പതയിലെ സീനിയർ വൈദികനായ റവ. ഫാ. ജേക്കബ് തൈക്കാട്ടിൽ 2021 ഏപ്രിൽ 30 രാവിലെ 3:15 ന് അന്തരിച്ചു.

തൃശ്ശൂർ അതിരൂപത വേലൂർ ഫൊറോന ഇടവകയിലെ പരേതരായ ജോസഫ്+മറിയം ദമ്പതികളുടെ മകനായി 1933 ആഗസ്റ്റ് 25–ന് ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ

സെമിനാരി എന്നിവിടങ്ങളിലെ വൈദിക പരിശീലനത്തിനുശേഷം 1960 മാർച്ച് 13–ന് മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിൽ നിന്ന് ആലുവയിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ചു.

കോട്ടപ്പടി, ചേലക്കര, പുത്തൻപീടിക, പാലക്കാട് സെന്റ് റാഫേൽ എന്നീ ഇടവകകളിൽ സഹവികാരിയായി സേവനം ആരംഭിച്ച അദ്ദേഹം മായന്നൂർ, എരനെല്ലൂർ, പാറന്നൂർ, നെല്ലായി, നന്തിക്കര, കല്ലൂർ പടിഞ്ഞാറ്, അത്താണി, നെടുപുഴ, ചിറ്റിശ്ശേരി എന്നിവിടങ്ങളിൽ വികാരിയായും സേവനം ചെയ്തിട്ടുണ്ട്. പാലക്കാട് രൂപതയിലെ അഗളിയിൽ ദീർഘകാലത്തെ അജപാലന ശുശ്രൂഷക്കുശേഷം വീണ്ടും തൃശ്ശൂർ രൂപതയിൽ സേവനത്തിനായെത്തി. 1989 മുതൽ സെന്റ് ജോസഫ്സ് വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിച്ചു വരികയായിരുന്നു.

ഭൗതികാവശിഷ്ടം 2021 മെയ് 3 തിങ്കളാഴ്ച രാവിലെ 10:30 മണിയോടെ സഹോദരൻ വർക്കിയുടെ വസതിയിൽ കൊണ്ടു വന്നു. ഉച്ചകഴിഞ്ഞ് 2:30 മണിയോടെ ആരംഭിച്ച മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗത്തിനും രണ്ടാം ഭാഗത്തിനും മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യ കാർമ്മികത്വം വഹിച്ചു. മൃതസംസ്കാരശുശ്രൂഷയുടെ മൂന്നും നാലും ഭാഗങ്ങൾക്ക് തൃശ്ശൂർ അതിരൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് മുഖ്യ കാർമികത്വം വഹിച്ചു. മാർ റാഫേൽ തട്ടിൽ പിതാവ് വി. ബലി മദ്ധ്യേ അനുസ്മരണ സന്ദേശം നല്കി.

**കർത്താവിനായി തന്റെ ജീവിതം നൽകി, ശുശ്രൂഷാ പൗരോഹിത്യത്തിലൂടെ ദൈവത്തിന്റെ ഉപകരണമായി ജീവിച്ച് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട തൈക്കാട്ടിൽ ബഹു. ജേക്കബച്ചന് അതിരൂപതയുടെ പ്രാർത്ഥനാഞ്ജലികൾ**

# ആദരാഞ്ജലികൾ

## റവ. ഫാ. ജോസ് തെക്കേക്കര സീനിയർ (87)



പ്രകൃതിയുമായി ഇഴുകിചേർന്ന് തന്റേതായ ശൈലിയിൽ പൗരോഹിത്യ ശുശ്രൂഷ ചെയ്ത് അനേകർക്ക് കർത്താവിനെ പകർന്നു നൽകിയ തൃശൂർ അതിരൂപതയിലെ സീനിയർ വൈദികനായ റവ. ഫാ. ജോസ് തെക്കേക്കര സീനിയർ 2021 മെയ് 1 രാത്രി 11:20ന് അന്തരിച്ചു.

പോട്ട തെക്കേക്കര പരേതരായ ഔസേപ്പ്+മറിയം ദമ്പതികളുടെ മകനാണ്. തൃശ്ശൂർ മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി, എന്നിവിടങ്ങളിലെ വൈദികപരിശീലനത്തിനുശേഷം 1963 മാർച്ച് 11–ന് മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിൽ നിന്ന് തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ചു.

ജീവനുണ്ടാകാനും അത് സമൃദ്ധമാകുവാനും എന്ന ആപ്തവാക്യവുമായി വേലൂർ, കോയമ്പത്തൂർ, തൃശൂർ കത്തീഡ്രൽ എന്നിവിടങ്ങളിൽ അസി. വികാരിയായും, അഞ്ഞൂർ, പൊന്നാനി, കാട്ടൂർ, വെള്ളാനി, പാലക്കാട്, മുണ്ടൂർ, ആറമ്പിള്ളി, കോട്ടപ്പടി എന്നിവിടങ്ങളിൽ വികാരിയായി സേവനം ചെയ്തു. തുടർന്ന് ഇരിഞ്ഞാലക്കുട രൂപതയിൽ പുത്തൻച്ചിറ കിഴക്കേപള്ളിയിലും ശേഷം 1980 മുതൽ 1992 വരെ പാലക്കാട് രൂപതാംഗമായും ദീർഘകാലം ശുശ്രൂഷ ചെയ്തു. തുടർന്ന് തൃശ്ശൂർ രൂപതയിൽ വീണ്ടും സേവനമാരംഭിച്ച അദ്ദേഹം ഒളരിക്കര, പൊന്നൂക്കര, തൃക്കൂർ, മണ്ണംപേട്ട, ചൊവ്വൂർ, പുത്തൻപീടിക, മുക്കാട്ടുകര, മാടക്കത്തറ, വേലൂപ്പാടം, വരാക്കര സൗത്ത് എന്നിവിടങ്ങളിൽ വികാരിയായി സേവനം ചെയ്തു. രാമനാഥപുരം, മേലാർക്കോട് എന്നിവിടങ്ങളിൽ ഫൊറോനവികാരിയായി ശുശ്രൂഷ ചെയ്ത ജോസച്ചൻ പാലക്കാട് മൈനർ സെമിനാരിയിലെ ആധ്യാത്മിക പിതാവായും ചൊവ്വൂർ, പുത്തൻപീടിക, മുക്കാട്ടുകര, മണ്ണംപേട്ട, വേലൂപ്പാടം, കോട്ടപ്പടി എന്നിവിടങ്ങളിൽ സ്കൂൾ മാനേജരായും പ്രവർത്തിച്ചിട്ടുണ്ട്. ആറംമ്പി

ള്ളി, മുണ്ടൂർ, കുനിയമ്പത്തൂർ, പോഡാനൂർ എന്നീ പള്ളികളും ചെവ്വൂർ, വേലൂപ്പാടം, കാരൂർ, മൂക്കാട്ടുകര, ഒളിരിക്കര, വരാക്കര സൗത്ത് എന്നിവിടങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുകയും ചെയ്തിട്ടുണ്ട്.

നേച്ചറപ്പതി സയൻസിൽ ഡിപ്ളോമയും ബിരുദവും കരസ്ഥമാക്കിട്ടുള്ള അദ്ദേഹം വരാക്കരയിലെ സെന്റ് ജോസഫ്സ് നേച്ചറൽ ഹോമിന്റെ സഹസ്ഥാപകനും ഡയറക്ടറും ഡോക്ടറുമായിയിരുന്നു. സെന്റ് ജോസഫ്സ് നേച്ചറൽ ഹോമം അതിരൂപതക്ക് ഇഷ്ടദാനമായി നല്കിയത് ബഹു. ജോസ് തെക്കേക്കര അച്ചന്റെ ഉദാരമനസ്സിന്റെയും വ്യക്തി വൈശിഷ്ടത്തിന്റെയും ഫലമാണ്. 2013 മുതൽ സെന്റ് ജോസഫ്സ് വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിച്ചു വരികയായിരുന്നു.

2021 മെയ് 4ന് സഹോദരപുത്രന്റെ വസതിയിൽ നടന്ന മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗത്തിന് മാർ പോളി കണ്ണൂക്കാടൻ മുഖ്യകാർമ്മികത്വം വഹിച്ചു. സംസ്കാരശുശ്രൂഷയുടെ രണ്ടാം ഭാഗത്തിന് മാർ ടോണി നീലങ്കാവിൽ പിതാവും മൂന്നാം ഭാഗത്തിന് മാർ ആൻഡ്രൂസ് താഴത്ത് പിതാവും മുഖ്യകാർമ്മികത്വം വഹിച്ചു. മാർ റാഫേൽ തട്ടിൽ പിതാവ് വി. ബലി മധ്യേ അനുസ്മരണസന്ദേശം നൽകി.

**പൗരോഹിത്യത്തിന്റെ പാവന പാതയിലൂടെ വർഷങ്ങളോളം പ്രയാണം ചെയ്ത് അനേകർക്ക് ആശ്വാസവും ആത്മീയ വെളിച്ചവും പകർന്നു നൽകിയ തെക്കേക്കര ബഹു ജോസ് സീനിയർ അച്ചനു തൃശ്ശൂർ അതിരൂപതയുടെ പ്രാർത്ഥനാഞ്ജലികൾ**

## ആദരാഞ്ജലികൾ

# റവ. ഫാ. ജേക്കബ് ചെറയത്ത് (85)



പൗരോഹിത്യശുശ്രൂഷയിൽ തനതായ വ്യക്തിത്വം പതിപ്പിച്ച തൃശൂർ അതിരൂപതയിലെ സീനിയർ വൈദികനായ റവ. ഫാ. ജേക്കബ് ചെറയത്ത് 2021 ഏപ്രിൽ 30 രാത്രി 11:30ന് അന്തരിച്ചു.

തൃശ്ശൂർ അതിരൂപത മരത്താക്കര ഇടവകയിലെ ചെറയത്ത് പരേതരായ കൊച്ചുവാവു അച്ചായി ദമ്പതികളുടെ മകനായി 1936 ആഗസ്റ്റ് 22ന് ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി, എന്നിവിടങ്ങളിലെ വൈദിക പരിശീലനത്തിനുശേഷം 1964 ഡിസംബർ 1ന് മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിൽ നിന്ന് ബോംബയിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ചു. പാലക്കാട് സെന്റ് റാഫേൽ, ഒളരിക്കര, ഏനമാവ് എന്നീ ഇടവകകളിൽ സഹവികാരിയായി സേവനം ആരംഭിച്ച അദ്ദേഹം ബ്രഹ്മകുളം, വൈലത്തൂർ, ആറ്റുപുറം, തൂമ്പാക്കോട്, കൊന്നക്കുഴി, നടവരമ്പ്, വടക്കുംകര, തിരൂർ, തങ്ങാലൂർ, അന്തിക്കാട്, ഏങ്ങണ്ടിയൂർ, കോട്ടപ്പടി, ഏനമാവ്, പുത്തൻപീടിക, മറ്റം ഫൊറോന, ആളൂർ, ഡോളേഴ്സ് ബസിലിക്ക, അമ്മാടം, പൂത്തറയ്ക്കൽ, വെങ്ങിണിശേരി, മുണ്ടത്തിക്കോട് എന്നീ പള്ളികളിൽ വികാരിയായും കല്ലേറ്റുംക്കര, കൂനംമൂച്ചി ഇടവകകളിൽ നടത്തുവികാരിയായും ക്രൈസ്റ്റ് വില്ല ഡയറക്ടറായും സേവനം ചെയ്തിട്ടുണ്ട്. 2013 ഫെബ്രുവരി ആറുമുതൽ സെന്റ് ജോസഫ്സ് വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിച്ചു വരികയായിരുന്നു.

2021 മെയ് 2ന് മരത്താക്കരയിലെ വസതിയിൽ നിന്നാരംഭിച്ച മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗത്തിന് മാർ റാഫേൽ തട്ടിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. രണ്ടാം ഭാഗം മാർ ടോണി നീലങ്കാവിൽ പിതാവിന്റെ കാർമ്മികത്വത്തിലും മൂന്നും നാലും ഭാഗങ്ങൾ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിലും

നടത്തപ്പെട്ടു. മാർ ടോണി നീലങ്കാവിൽ പിതാവ് വി. ബലി മധ്യേ അനുസ്മരണസന്ദേശം നൽകി.

**അജപാലന ജീവിതത്തിൽ സാധാരണത്വം കൊണ്ട് ദൈവത്തിനും മനുഷ്യർക്കും പ്രീതികരമായ ജീവിതത്തിലൂടെ ഉത്തമ മാതൃകയായിരുന്ന ചെറയത്ത് ബഹു ജേക്കബ് അച്ചനു തൃശ്ശൂർ അതിരൂപതയുടെ പ്രാർത്ഥനാഞ്ജലികൾ**

## ആദരാഞ്ജലികൾ

## റവ. ഫാ. ബെർണാർഡ് തട്ടിൽ (78)



തൃശൂർ അതിരൂപതയിലെ സീനിയർ വൈദികനായ റവ. ഫാ. ബെർണാർഡ് തട്ടിൽ 2021 മെയ് 1 രാത്രി 11:40ന് അന്തരിച്ചു.

പുതുക്കാട് തട്ടിൽ പരേതരായ ആന്റണി+ഏല്യക്കുട്ടി ദമ്പതികളുടെ മകനാണ്. തൃശ്ശൂർ മൈനർ സെമിനാരി, കോട്ടയം സെന്റ് തോമസ് അപ്പോസ്തോലിക്ക് സെമിനാരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1969 ഡിസംബർ 20ന് മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിൽ നിന്ന് തൃശൂർ ലൂർദ് കത്തിഡ്രലിൽ വെച്ച് തിരുപ്പട്ടം സ്വീകരിച്ചു.

കർത്താവായ യേശുക്രിസ്തുവിന്റെ കൃപാവരം എല്ലാവരോടും കൂടെ എന്ന ആപ്തവാക്യം ജീവിതപ്രമാണമായി സ്വീകരിച്ച ബർണാഡച്ചൻ ക്രിസ്തുവിനുവേണ്ടി ആത്മക്കളെ നേടുവാനുള്ള ഉൾവിളിയുമായി മറ്റം, ഇരിങ്ങാലക്കുട എന്നിവിടങ്ങളിൽ അസി. വികാരിയായും ഏങ്ങണ്ടിയൂർ, വാടാനപ്പിള്ളി, കൊടുങ്ങ, അമ്പനോളി, വെള്ളാറ്റഞ്ഞൂർ, തയ്യൂർ, പുറനാട്ടുകര, കാഞ്ഞാണി, കാരമുക്ക്, എറവ്, പുത്തൻപീടിക, കല്ലൂർ ഈസ്റ്റ്, വടക്കാഞ്ചേരി, സരിതപുരം, പറവട്ടാനി, കോട്ടപ്പടി, ചെങ്ങാലൂർ, പാലയ്ക്കൽ, പാലയൂർ, പോന്നോർ, പാലയൂർ, കുറ്റൂർ


എന്നിവിടങ്ങളിൽ വികാരിയായും സേവനം ചെയ്തു. മണലൂർ ഈസ്റ്റിൽ സീനിയർ റസിഡന്റ് പ്രീസ്റ്റായും സേവനം ചെയ്തിട്ടുണ്ട്. ഏങ്ങണ്ടിയൂർ എം.ഐ. ആശുപത്രിയുടെ അസിസ്റ്റന്റ് ഡയറക്ടറായി ശുശ്രൂഷ ചെയ്തിട്ടുള്ള അച്ചൻ വെള്ളാറ്റഞ്ഞൂർ കാഞ്ഞാണി ഇടവക പള്ളികൾ പണികഴിപ്പിച്ചുണ്ട്.

2021 മെയ് 3ന് പുതുക്കാടുള്ള വസതിയിൽ നിന്നാരംഭിച്ച മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗത്തിന് മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. സംസ്കാരശുശ്രൂ ഷയുടെ രണ്ടാംഭാഗത്തിന് മാർ റാഫേൽ തട്ടിൽ പിതാവും മൂന്നും നാലും ഭാഗങ്ങൾക്ക് മാർ ആൻഡ്രൂസ് താഴത്ത് പിതാവും മുഖ്യകാർമ്മികത്വം വഹിച്ചു. മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വി. ബലി മധ്യേ അനുസ്മരണസന്ദേശം നൽകി.

**തീക്ഷണത നിറഞ്ഞ കഠിനാധ്വാനത്തിലൂടെയും ത്യാഗ പൂർണ്ണമായ സേവനങ്ങളിലൂടെയും അനേകം ദൈവമക്കൾക്ക് ആശ്വാസവും ആത്മീയ വെളിച്ചവും പകർന്നു നല്കി സ്വർഗ്ഗീയ വസതി പൂകുവാൻ യാത്രയായ തട്ടിൽ ബഹു ബെർണാർഡ് അച്ചനു തൃശ്ശൂർ അതിരൂപതയുടെ പ്രാർത്ഥനാഞ്ജലികൾ**

## ആദരാഞ്ജലികൾ

# പെ. ബഹു. മോൺ. ജോർജ്ജ് അക്കര (80)



തൃശൂർ അതിരൂപതയിലെ സീനിയർ വൈദികനും മുൻ വികാരി ജനറാളുമായ മോൺ. ജോർജ്ജ് അക്കര 2021 മെയ് 2 രാവിലെ 10:15ന് അന്തരിച്ചു.

ഒല്ലൂർ അക്കര പരേതരായ തോമസ്+ മറിയംകുട്ടി ദമ്പതികളുടെ മകനായി 1941 ഒക്ടോബർ മൂന്നിനു ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി, എന്നിവിടങ്ങളിലെ വൈദികപരിശീലന

ത്തിനുശേഷം 1964 ഡിസംബർ 1ന് മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിൽ നിന്ന് ബോംബയിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ചു. തൃശൂർ ലൂർദ്ദ് കത്തീഡ്രൽ, പറപ്പൂർ, പുതുക്കാട് എന്നിവിടങ്ങളിൽ സഹ വികാരിയായും പുറനാട്ടുക്കര, പെരിഞ്ചേരി, അയ്യന്തോൾ, പോന്നോർ എന്നിവിടങ്ങളിൽ നടത്തുവികാരിയായും തൃശൂർ സെന്റ് ആൻസ്, മണലൂർ വെസറ്റ്, പറപ്പൂർ ഫൊറോന, കൊട്ടേക്കാട് ഫൊറോന, തൃക്കൂർ, കണ്ണംകുളങ്ങളര എന്നിവിടങ്ങളിൽ വികാരിയായും, കൊഴുക്കുള്ളിയിൽ സീനിയർ റസിഡന്റ് പ്രീസ്റ്റായും സേവനം ചെയ്തു. അതിരൂപത വികാരി ജനറാളായി സ്തുത്യർഹമായ സേവനം ചെയ്ത അച്ചൻ തൃശൂർ മൈനർ സെമിനാരി റെക്ടറായും പൊന്തിഫിക്കൽ സെമിനാരിയിൽ ആത്മീയപിതാവായും സേവനം ചെയ്തിട്ടുണ്ട്. ക്രൈസ്റ്റ വില്ല, സെന്റ് ആൻസ് ലിസ്യൂ ഹോം, മുളയം ഡാമിയൻ ഇൻസ്റ്റിടൂട്ട്, സെന്റ് ജോസഫ് വൈദിക മന്ദിരം എന്നിവയുടെ ഡയറക്ടറായി സേവനം ചെയ്തിട്ടുള്ള അച്ചൻ എസ്.എൽ.എം.ഐ സമൂഹത്തിന്റെയും സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെയും ആത്മീയഗുരുവായും ചേറൂർ ആബാ ധ്യാനകേന്ദ്രത്തിൽ കുമ്പസാരക്കാരനായും ശുശ്രൂഷ ചെയ്തിട്ടുണ്ട്. 2018 ഫെബ്രുവരി ആറു മുതൽ അച്ചൻ തൃശൂർ സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു.

2021 മെയ് 5ന് ഒല്ലൂരിൽ നടന്ന മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗത്തിന് മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. രണ്ടാം ഭാഗം മാർ ജേക്കബ് തൂങ്കുഴി പിതാവും മൂന്നും നാലും ഭാഗം മാർ ആൻഡ്രൂസ് താഴത്ത് പിതാവും മുഖ്യകാർമ്മികത്വം വഹിച്ചു. മാർ റാഫേൽ തട്ടിൽ പിതാവ് വി. ബലി മധ്യേ അനുസ്മരണസന്ദേശം നൽകി.

**ക്രിസ്തുവിന്റെ യഥാർത്ഥ അനുയായികളായി തീരുവാൻ നമ്മുക്കു പരിശ്രമിക്കാം എന്ന ആപ്തവാക്യവുമായി കർത്താവിന്റെ മുന്തിരിത്തോപ്പിൽ അഹോരാത്രം അധ്വാനിച്ച് നിത്യസമ്മാനത്തി നായി യാത്രയായ അക്കര ബഹു. മോൺ. ജോർജ്ജ് അച്ചനു തൃശ്ശൂർ അതിരൂപതയുടെ പ്രാർത്ഥനാഞ്ജലികൾ**

# ആദരാഞ്ജലികൾ

## റവ. ഫാ. ഫ്രാൻസിസ് മഞ്ഞളി (54)



തൃശൂർ അതിരൂപതയിലെ വൈദികനായ ബഹു. ഫാ. ഫ്രാൻസിസ് മഞ്ഞളി 2021 മെയ് 18 രാത്രി 8ന് അന്തരിച്ചു.

തൃശൂർ അതിരൂപതയിലെ പുത്തൻപീടിക മഞ്ഞളി പരേതനായ പൗലോസ് + മർഗിലി ദമ്പതികളുടെ മകനായി 1967 ജനുവരി 1നു ബഹു. അച്ചൻ ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമി നാരി എന്നിവിടങ്ങളിലെ വൈദികപരി ശീലനത്തിനുശേഷം 1994 ഏപ്രിൽ 14ന് മാർ ജോസഫ് കുണ്ടുകുളം പിതാവിൽ നിന്ന് പുത്തൻപീടികയിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ചു.

അരണാട്ടുക്കര, വേലൂപ്പാടം, ഒല്ലൂർ എന്നിവിടങ്ങളിൽ സഹ വികാരിയായി സേവനം ആരംഭിച്ച അദ്ദേഹം മുണ്ടത്തിക്കോട്, തിരുത്തിപറമ്പ്, കിരാലൂർ, ആറംമ്പിള്ളി, പാലക്കൽ, മണലൂർ പടിഞ്ഞാറ്, കൂനംമൂച്ചി, കുട്ടംകുളം എന്നിവിടങ്ങളിൽ വികാരിയായും, അവിണിശ്ശേരി പ്രീസ്റ്റ് ഇൻ ചാർജ്ജ് ആയും അവിണിശ്ശേരി ബാലസദൻ ഡക്ടറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ആറംമ്പിള്ളി പുതിയ ദൈവാലയ നിർമ്മണത്തിനും കൂനംമൂച്ചിയിലെ പുതിയ സ്ക്കൂൾ നിർമ്മാണത്തിനും ബഹു. ഫ്രാൻസിസ് അച്ചൻ നേതൃത്വം നല്കിയിട്ടുണ്ട്. ഭക്തിഗാന രംഗത്ത് പ്രതിഭ തെളിയിച്ചിട്ടുള്ള ഫ്രാൻസിസ് അച്ചൻ നിരവധി ഭക്തിഗാനങ്ങൾ രചിച്ചുണ്ട്.

2021 മെയ് 20ന് പുത്തൻപീടികയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നും രണ്ടും ഭാഗങ്ങൾക്ക് മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. മൂന്നും നാലും ഭാഗങ്ങൾക്ക് മാർ ആൻഡ്രൂസ് താഴത്ത് പിതാവും മുഖ്യകാർമ്മികത്വം വഹിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് വി. ബലി മധ്യേ അനുസ്മരണസന്ദേശം നൽകി.

**രക്തസാക്ഷികളുടെ മനോഭാവത്തോടെ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുക എന്ന തന്റെ ആപ്തവാക്യവുമായി ശുശ്രൂഷ പൗരോഹിത്യജീവിതത്തിൽ മറ്റുള്ളവരെ യേശുവിലേക്ക് നയിച്ച് നിത്യവസതിയിലേക്ക് യാത്രയായ മഞ്ഞളി ബഹു. ഫ്രാൻസിസ് അച്ചന് അതിരൂപതയുടെ പ്രാർത്ഥനനാഞ്ജലി**



# സന്ന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

ഏപ്രിൽ 2021

**1. സി.എം.സി.**

ഒല്ലൂർ എവുപ്രാസ്യ റിട്രീറ്റ് സെന്ററിൽ വച്ച് നടന്ന 10 ദിവസത്തെ ജൂനിയേഴ്സ് കോഴ്സിൽ 25 ജൂനിയർ സിസറ്റേഴ്സ് പങ്കെടുക്കുകയും തങ്ങളുടെ കാനോനിക വ്രതനവീകരണം നടത്തുകയും ചെയ്തു. കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 10 ന് ആരംഭിച്ച 25 ദിവസത്തെ സിൽവർ ജൂബിലി കോഴ്സിൽ 20 സിസ്റ്റേഴ്സ് പങ്കെടുത്തു.

4 നോവിസ്സ് പറപ്പൂർ സെന്റ് ജോൺ നെപുംസ്യാൻ ദേവാലയത്തിൽ വച്ച് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന ആഘോഷമായ ദിവ്യബലി മദ്ധ്യേ ആദ്യവ്രതവാഗ്ദാനവും സഭാവസ്ത്രസ്വീകരണവും നടത്തി. സെന്റ് പയസ് ടെൻത് വേലൂപ്പാടം, സെന്റ് ജോൺ ഓഫ് ദ ക്രോസ് പുതുക്കാട്, കാർമ്മൽ വലപ്പാട്, സെന്റ ജോസഫ്സ് ചൂണ്ടൽ, മരീന ഹോം ചൂണ്ടൽ , ബഥാനിയ ഒല്ലൂർ, വിൻസെന്റ് ഡി പോൾ ഒല്ലൂർ എന്നീ ഭവനങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജ കാനോനിക സന്ദർശനം നടത്തി .

**2. എഫ്.സി.സി**

ഏപ്രിൽ 5-ാം തീയതി ചേർപ്പ് ലൂർദ്ദ്മാതാ കോൺവെന്റിന്റെ പ്ലാറ്റിനം ജൂബിലിയാഘോഷത്തോടനുബന്ധിച്ച് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന

കൃതജ്ഞതാബലിയിലും സ്നേഹവിരുന്നിലും പ്രൊവിൻഷ്യൽ ടീം പങ്കെടുത്തു. ഏപ്രിൽ 7 മുതൽ 26 വരെ ജനറൽ തലത്തിൽ നടത്തുന്ന സിൽവർ ജൂബിലി കോഴ്സ് തിരൂർ സീയോൺ റിന്യുവൽ സെന്ററിൽ വച്ച് ആരംഭിച്ചു. അസി. സുപ്പീരിയർ ജനറൽ ബഹു. സി. ഫിൽബി ഉദ്ഘാടന സന്ദേശം നൽകി. ഏപ്രിൽ 12 ന് സേക്രഡ് ഹാർട്ട് ഭവനത്തിൽ വച്ച് സിൽവർ ജൂബിലിയാഘോഷവും, നടുമുറ്റത്ത് സ്ഥാപിച്ച വി. ഫ്രാൻസിസിന്റെ തിരുസ്വരൂപത്തിന്റെ വെഞ്ചിരിപ്പും, ധ്യാനസെന്ററിന്റെ കല്ലിടൽ കർമ്മവും നടന്നു. ഏപ്രിൽ 13 ന് സിൽവർ ജൂബിലി സ്മാരകമായി പുതുച്ചേരി മൂലക്കുളത്ത് സ്ഥാപിതമായ പുതിയ ഭവനത്തിന്റെ (അസ്സീസി കോൺ വെന്റ്) വെഞ്ചിരിപ്പുകർമ്മവും വളരെ ലളിതമായും കൃപാസമൃദ്ധിയിലും നടന്നു. രണ്ടു ദിവസത്തേയും തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചത് ഹോസൂർ രൂപതാ മെത്രാൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ പൊഴോലിപറമ്പിൽ പിതാവാണ്. തുടർന്നുള്ള ദിവ്യബലിയിലും, തിരുക്കർമ്മങ്ങളിലും സ്നേഹവിരുന്നിലും അസി. സുപ്പീരിയർ ജനറൽ ബഹു. സി. ഫിൽബിയും, പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റിൽ മേരിയും, പ്രൊവിൻഷ്യൽ ടീമും, സിസ്റ്റേഴ്സും, ഉപകാരികളും സംബന്ധിച്ചു. ഇറ്റലി ഗ്രോത്ത ഫെറാത്തായിൽ സേവനത്തിനായി സി. തെരേസ് ലിറ്റും മിസ്സോറാം മിഷനിൽ സേവനം ചെയ്യാനായി സി. പ്രിയ ഫ്രാൻസിസും സി. ജിസ്ന താണിക്കലും പോയി. ഏപ്രിൽ 19 മുതൽ 24 വരെ തൃശൂർ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ബഹു. റാഫേൽ കോക്കാടൻ സി.എം.ഐ. യുടെ നേതൃത്വത്തിൽ നടന്ന ഏൽ റൂഹ വാർഷിക ധ്യാനത്തിൽ 51 സിസ്റ്റേഴ്സ് സംബന്ധിച്ചു.

ഏപ്രിൽ 26-ാം തീയതി തിരൂർ സീയോൺ റിന്യുവൽ സെന്ററിൽ വച്ച് 83 സിസ്റ്റേഴ്സിന്റെ ജനറൽ തലത്തിലുള്ള സിൽവർ ജൂബിലിയാഘോഷത്തിൽ തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന കൃതജ്ഞതാബലിയിലും സിൽവർജൂബിലിയാഘോഷപരിപാടികളിലും ബഹു. ജനറാളമ്മയും ജനറൽ കൗൺസിലേഴ്സും, ബഹു. പ്രൊവിൻഷ്യാളമ്മയും പ്രൊവിൻഷ്യൽ കൗൺസിലേഴ്സും പങ്കെടുത്തു. ഏപ്രിൽ 29-ാം തീയതി ആലുവ ജനറലേറ്റിൽ വച്ച് അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലി മധ്യേ 10 ജൂണിയേഴ്സ് നിത്യവ്രതവാഗ്ദാനം ചെയ്തു. അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 10 ജൂണിയർ സിസ്റ്റേഴ്സിന്റെ നിത്യവ്രതാഘോഷവും 18 പേരുടെ സിൽവർ ജൂബിലിയാഘോഷവും സംയുക്തമായി നടന്നു. തൃശൂർ അതിരൂപത ചാൻസലറും, അസ്സീസി ചാപ്ലെയിനുമായ റവ. ഫാ. ഡൊമിനിക് തലക്കോടന്റെ കാർമ്മികത്വത്തിൽ രാവിലെ 6.30 ന് കൃതജ്ഞതാബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും,

മംഗളങ്ങൾ ആശംസിക്കുകയും ചെയ്തു.

**3. സി.എച്ച്.എഫ്**

തൃശ്ശൂർ അതിരൂപത സാന്ത്വനം SWIFT MART വിപണന കേന്ദ്രം ഉദ്ഘാടന ചടങ്ങിൽ നവജ്യോതി പ്രൊവിൻഷ്യൽ സി.ജെസ്സിൻ തെരേസും സി.റിൻസി വർഗ്ഗീസും സംബന്ധിച്ചു. തൃശ്ശൂർ അതിരൂപത ഫാമിലി അപ്പസ്തോലേറ്റ് കേന്ദ്രത്തിൽ വച്ച് സംഘടിപ്പിച്ച റേഷൻ കാർഡ് വിതരണപരിപാടിയിൽ പ്രൊവിൻഷ്യൽ കൗൺസിലർ സി.ആൻ കരോളിനും സി., ഷീന ജോസഫും പങ്കെടുത്തു. വടൂക്കര IFDF ൽ സുപ്പീരിയേഴ്സ് കോഴ്സിലായിരിക്കുന്ന സിസ്റ്റേഴ്സിന് റവ.ഫാ. ബോസ്ക്കോ ഞാളിയേക്കലിന്റെ നേതൃത്വത്തിൽ ധ്യാനം നടത്തി. വടൂക്കര IFDF ൽ നവജ്യോതി പ്രോവിൻസിലെ ജൂനിയർ സിസ്റ്റേഴ്സിനായി കോഴ്സ് നടത്തി. റവ.ഫാ.സിജോ തയ്യാലക്കലിന്റെ നേതൃത്വത്തിൽ നടത്തിയ ധ്യാനത്തിനു ശേഷം 33 സിസ്റ്റേഴ്സ് നിത്യവ്രതവാഗ്ദാനം നടത്തി.പരിയാരത്തുവച്ചുനടന്ന നിത്യവ്രതവാഗ്ദാനത്തിൽ നവജ്യോതി പ്രോവിൻസിലെ 9 സിസ്റ്റേഴ്സ് വ്രതവ്ഗ്ദാനം നടത്തി. സിൽവർ, ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റഴ്സിന് നവജ്യോതി പ്രൊവിൻഷ്യൽ കൗൺസിൽ ഗൂഗിൾമീറ്റ് ഒരുക്കി, അവരോട് സംസാരിച്ചു. നവജ്യോതി പ്രോവിൻസിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട സുപ്പീരിയേഴ്സിന് വടൂക്കര IFDF കോഴ്സ് നടത്തപ്പെട്ടു. 37 സിസ്റ്റേഴ്സ് സംബന്ധിച്ചു ഹോളിഫാമിലി തൃശ്ശൂർ നവജ്യോതി പ്രോവിൻസിന്റെ കുടുംബവർഷ ഉദ്ഘാടനം പ്രോവിൻസിന്റെ ഫാമിലി അപ്പസ്തോലേറ്റ് സെന്ററായ വടൂക്കര IFDF ൽ വച്ച് നടത്തപ്പെട്ടു. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം നിർവഹിച്ചു.തദവസരത്തിൽ മുൻ സുപ്പീരിയർ ജനറൽ മദർ ഉദയ അധ്യക്ഷപദം അലങ്കരിക്കുകയും നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ റവ.സി. ജെസിൻ തെരേസ് സ്വാഗതം ആശംസിക്കുകയും ചെയ്തു. തദവസരത്തിൽ നവജ്യോതി IFDF യൂട്യൂബ് ചാനൽ ഉദ്ഘാടനം, കുടുംബവർഷകർമ്മ പരിപാടികളുടെ അവതരണം എന്നിവ നടത്തപ്പെട്ടു. നവജ്യോതി എഡ്യുക്കേഷണൽ ഏജൻസിയിൽ നിന്നും 2020–2021 കാലയളവിൽ റിട്ടയർ ചെയ്ത അധ്യാപകർക്കുള്ള യാത്രയയപ്പ് യോഗം നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ സംഘടിപ്പിക്കുകയും ആശംസകളും സമ്മാനങ്ങളും നൽകി സമുചിതമായ രീതിയിൽ അവരെ ആദരിക്കുകയും ചെയ്തു. അന്നേദിനം നടത്തപ്പെട്ട അർദ്ധദിന സെമിനാറിൽ എല്ലാ വിദ്യാലയത്തിൽ നിന്നും പ്രധാനധ്യാപകരും സ്റ്റാഫ് പ്രതിനിധികളും സംബന്ധിച്ചു. നവജ്യോതി പ്രോവിൻഷ്യൽ ഹൗസിൽ റവ.ഫാ. ബോസ്ക്കോ ഞാളിയേക്കലിന്റെ നേതൃത്വത്തിൽ വാർഷിക ധ്യാനം നടത്തി. 52 സിസ്റ്റേഴ്സ് ധ്യാനത്തിൽ പങ്കെടുത്തു.

**4. സി.എസ്.എം**

ബഹു. ഫാ.സിജോ തെയ്യാലക്കൽ CMI യുടെ നേതൃത്വത്തിൽ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തിയ ഒരാഴ്ച്ചത്തെ ധ്യാനത്തിൽ 50 സിസ്റേറഴ്സ് പങ്കെടുത്തു. പരിയാരം CSR ലും കൃപാഭവൻ ജനറ ലേഖറഖിലും ആയി ബഹു. ഫാ.റാഫേൽ ആവണക്കുംപറമ്പിൽ CMI നയിച്ച രണ്ടാഴ്ച്ചത്തെ സമൂഹത്തിന്റെ കോൺസ്റ്റിറ്റ്യൂഷൻ ധ്യാനത്തിൽ പ്രൊവിൻഷ്യൽ ടീമും ലോക്കൽ സുപ്പീരിയേഴ്സും ഉൾപ്പെടെ 80 സിസ്റേ റഴ്സ് പങ്കെടുത്തു. പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു.സി.ജിയോ മരിയയുടെ നാമഹേതുക തിരുന്നാളും പ്രോവിൻസ് ഡേയും സംയു ക്തമായി ആഘോഷിച്ചു. പ്രൊവിൻഷ്യൽ ഹൗസ് കപ്ലോൻ ബഹു.ജോസ് വട്ടകുഴി അച്ചൻ ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു. ജൂണിയർ സിസ്റ്റേ ഴ്സ് തങ്ങളുടെ വ്രതവാഗ്ദാനത്തിനൊരുക്കമായി 2 ദിവസത്തെ പ്രാർത്ഥ നക്കായി ചിലവഴിച്ചു. ബഹു. ഫാ.റിജോ പയ്യപ്പിള്ളി CMI ക്ലാസ്സ് നൽകി. ദിവ്യ ബലി മദ്ധ്യേ 11 ജൂണിയേഴ്സ് വ്രതവാഗ്ദാനം ചെയ്തു.

**5. എസ്.എ.ബി.എസ്.**

കാനോനിക വ്രതസമർപ്പണത്തിനൊരുക്കമായുള്ള പ്രാർത്ഥനാ ദിനങ്ങളിൽ ജൂനിയർ സിസ്റ്റേഴ്സ് പങ്കെടുക്കുകയും വി.കുർബാനമദ്ധ്യേ 22 ജൂനിയർ സിസ്റ്റേഴ്സ് കാനോനിക വ്രത സമർപ്പണം നടത്തുകയും ചെയ്തു. റവ.ഫാ. ബിറ്റോ തലക്കോട്ടൂർ OFM.Cap ഇവർക്ക് ക്ലാസ്സെ ടുത്തു. 3 സിസ്റ്റേഴ്സ് Renewal Programme ൽ പങ്കെടുത്തു. ജനറ ലേറ്റിൽ വച്ച് വിശുദ്ധ ബലി മദ്ധ്യേ സഭയിലെ 65 ജൂണിയർ സിസ്റ്റേഴ്സ് നിത്യവ്രതവാഗ്ദാനം നടത്തി. തൃശൂർ നിർമ്മൽ റാണി പ്രോവിൻസിലെ സി. എയ്ഞ്ചൽ മേരി കണ്ണംപുഴ, സി. ഹെലൻ ഗ്രെയ്സ് പുളിക്കൻ പുത്തൻ വീട്, സി. ജോ മേരി തേർമഠം എന്നിവർക്ക് പ്രാർത്ഥനാ നിർഭ രമായ ആശംസകൾ!. ജനറലേറ്റിൽ വച്ച് ജനറൽ ടീമിനോടൊപ്പം നടക്കുന്ന പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സിന്റേയും വികർ പ്രൊവിൻഷ്യൽസിന്റേയും മീറ്റിംഗിൽ ബഹു.മദർ സോഫി പെരേപ്പാ ടനും സി.അൽഫോൻസയും സംബന്ധിച്ചു. തൃശ്ശൂർ അതിരൂപതയിലെ AFC യുടെ നേതൃത്വത്തിൽ വൈദികർക്കും സിസ്റ്റേഴ്സിനും റേഷൻ കാർഡ് ലഭ്യമാക്കുക എന്ന ത്യാഗപൂർവ്വകമായ പ്രവർത്തനങ്ങളുടെ ഫലമെന്നോണം ലഭിച്ച റേഷൻ കാർഡ് വിതരണത്തിന്റെ ഉദ്ഘാടന കർമ്മത്തിൽ ബഹു.പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ സോഫി പെരേ പ്പാടൻ ആശംസകൾ അർപ്പിച്ചു. തൃശൂർ അതിരൂപതാസഹായമെത്രാൻ മാർ ടോണി നീലങ്കാവിലിന്റെ മുഖ്യകാർമ്മികത്വത്തിൽ പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ വച്ച് അർപ്പിച്ച വിശുദ്ധ ബലിമദ്ധ്യേ പ്രഥമ വ്രതവാ ഗ്ദാനം ചെയ്ത് സഭാവസ്ത്രം സ്വീകരിച്ച സി.സിൻസി മംഗലൻ, സി. അനു പേരാമംഗലം, സി ബിൽജ ചിറ്റിലപ്പിള്ളി, സി.ആശ ഐരൂക്കാ രൻ എന്നിവർക്ക് അഭിനന്ദനങ്ങൾ !

# ആദരാഞ്ജലികൾ



**30.04.2021 –സി.എച്ച്.എഫ്** നവജ്യോതി പ്രോവിൻസ് അയ്യന്തോൾ ഭവനാംഗമായ സി. മേരി പെയ്റ്റൻ (88) നിര്യാതയായി. 01.05.2021ന് നടത്തിയ സംസ്ക്കാര ശുശ്രൂഷക്ക്,അയ്യന്തോൾ ഇടവക വികാരിയും കപ്ലോനുമായ റവ.ഫാ.ജെയ്സൻ പുന്നശ്ശേരിയുടെ കാർമ്മികത്വത്തിൽ നവജ്യോതി പ്രൊവിൻഷ്യൽ ഹൗസ് കല്ലറയിൽ നടത്തി.



**06.05.2021 – സി. എസ്. സി.** സി. എസ്.സി. കല്ലൂർ സെന്റ് ജോസഫ് ഭവനാംഗമായ സി. ജെനോവ നിര്യാതയായി. കല്ലൂർ പടിഞ്ഞാറ് ഇടവക വികാരി ബഹു. ഫാ. ജോളി ചിറമ്മലിന്റെ മുഖ്യാകാർമ്മികത്വത്തിൽ സംസ്കാരശുശ്രൂഷകൾ നടത്തുകയും കോവിഡ് പ്രോട്ടോകോൾ അനുസരിച്ച് കല്ലൂർ മഠം കപ്പേളയിൽ സംസ്കരിക്കുകയും ചെയ്തു.

**സി. റോസ് അനിത എഫ്.സി.സി.**
പ്രസിഡണ്ട്

**സി. നമിത റോസ് സി.എം.സി.**
സെക്രട്ടറി

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

മിശിഹായിൽ സ്നേഹംനിറഞ്ഞ കുട്ടികളെ,

കൊവിഡ് കാലത്തെ പുതിയൊരു അധ്യയന വർഷം കൂടി ആരംഭിക്കുകയാണ്. സ്കൂളിൽ പോകാനും കൂട്ടുകാരൊത്തു കളിച്ചുല്ല സിക്കാനും മറ്റുമുള്ള സാധ്യതകൾ ഇല്ലാതെയായിരിക്കും ഈ വർഷവും അധ്യയന വർഷം ആരംഭിക്കുക. എങ്കിലും മാറിയ ഈ ജീവിത സാഹചര്യത്തിലും അറിവിനു വേണ്ടിയുള്ള നിങ്ങളുടെ പരിശ്രമങ്ങൾ ഫലമണിയട്ടെ എന്നാശംസിക്കുന്നു.

ഒരു കഥ ഇപ്രകാരമാണ്:– ഒരു ഗുരുവിന് രണ്ട് ശിഷ്യന്മാർ ഉണ്ടായിരുന്നു. തന്റെ ശിഷ്യരിൽ ആരാണ് തന്റെ പിൻഗാമി ആകേണ്ടത് എന്ന് തീരുമാനിക്കാൻ ഗുരു ഒരു പരീക്ഷണം നടത്തി. ഒരു ദിവസം രാവിലെ ഗുരു തന്റെ ശിഷ്യരെയും കൂട്ടി ആരും താമസിക്കാതെ കിടന്നിരുന്ന ഒരു വീട്ടിലേക്ക് പോയി. അവിടെയുള്ള ശൂന്യമായ രണ്ടു മുറികൾ കാണിച്ചിട്ട് പറഞ്ഞു; നിങ്ങൾക്ക് മൂന്നു ദിവസത്തെ സമയം തരാം അതിനുള്ളിൽ നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന മുറി സാധിക്കാവുന്ന എന്തുകൊണ്ടെങ്കിലും നിറയ്ക്കാം. മുറി ഏറ്റവും കൂടുതൽ നിറഞ്ഞിരിക്കുന്നത് ആരുടെയാണോ അവനെ ഞാൻ എന്റെ പിൻഗാമിയാക്കും. ഒന്നാമൻ മുറിയിലെ ജനലുകളും പഴുതുകളും അടച്ചതിനുശേഷം പലരെയും സമീപിച്ചു വേസ്റ്റ് സാധനങ്ങൾ ശേഖരിച്ച് മുറി നിറയ്ക്കുവാൻ തുടങ്ങി. രണ്ടാമൻ ആദ്യം തന്നെ തനിക്കു ലഭിച്ച മുറി വൃത്തിയാക്കി. പിന്നീട് കടയിൽ പോയി തിരിയും ചന്ദനത്തിരിയും വാങ്ങി. മൂന്നാം ദിവസമായപ്പോഴേക്കും ഒന്നാമൻ തനിക്ക് ലഭിച്ച മുറി വേസ്റ്റ് സാധനങ്ങൾ കൊണ്ട് നിറച്ചിരുന്നു. രണ്ടാമൻ തന്റെ മുറിയുടെ ജനലുകൾ തുറന്ന് ഈശ്വര രൂപത്തിനടുത്ത് തിരിയും ചന്ദനത്തിരിയും കത്തിച്ചു വച്ചു. ഗുരു താൻ ശിഷ്യർക്ക് നൽകിയ മുറി അവർ എപ്രകാരമാണ് നിറച്ചിരിക്കുന്നത് എന്ന് കാണാൻ കടന്നു വന്നു. ഒന്നാമൻ തന്റെ മുറി തുറന്ന് കാണിച്ചു കൊടുത്തു അത് അനാവശ്യ വസ്തുക്കൾക്കൊണ്ട് നിറഞ്ഞിരിക്കുന്നത് കണ്ടു. തുടർന്ന് ഗുരു രണ്ടാമന്റെ മുറിയിലേക്ക് പോയി എന്നാൽ അത് ശൂന്യമായി കിടക്കുന്നതാണ് കണ്ടത്. ഇതു കണ്ടപ്പോൾ ഒന്നാമൻ പറഞ്ഞു ഗുരോ ഈ മുറി ശൂന്യമാണ്. ഈ പരീക്ഷയിൽ എന്നെ വിജയിയായി പ്രഖ്യാപിച്ച് എന്നെ അങ്ങയുടെ പിൻഗാമിയായി വാഴിച്ചാലും. ഇതുകേട്ട് ഗുരു രണ്ടാമനോട്

ചോദിച്ചു നീ എന്തുകൊണ്ടാണ് നിനക്കു ലഭിച്ച മുറി നിറയ്ക്കാതിരുന്നത്? അപ്പോൾ രണ്ടാമൻ പറഞ്ഞു; ഗുരോ എന്റെ മുറിയും നിറഞ്ഞിട്ടുണ്ട്. ജനലിലൂടെ കടന്നുവരുന്ന പ്രകാശവും കത്തിച്ചു വച്ച തിരിയും ഈ മുറി മുഴുവനും വെളിച്ചം നല്കുന്നു. ഇവിടെ കത്തിച്ചു വെച്ചിരിക്കുന്ന ഈ ചന്ദനത്തിരിയുടെ സൗരഭ്യം മുറി മുഴുവനും നിറഞ്ഞിരിക്കുന്നു. കൂടാതെ ഇവിടെ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഈശ്വര രൂപം ഈശ്വര സാന്നിധ്യത്തെയും സൂചിപ്പിക്കുന്നു. രണ്ടാമന്റെ മറുപടി കേട്ടപ്പോൾ ഗുരുവിനു സന്തോഷമായി. ഗുരു പറഞ്ഞു: മുറി നിറയ്ക്കാനുള്ള എന്റെ ആഹ്വാനത്തെ കൂടുതൽ ശ്രേഷ്ഠമായി നിർവ്വഹിച്ച നീ തന്നെയാണ് എന്റെ പിൻഗാമി.

സ്നേഹമുള്ളവരെ, പഠനവും സൗഹൃദവും ഓൺലൈനായി നടക്കുന്ന ഈ കാലഘട്ടത്തിൽ നന്മനിറഞ്ഞ സൗഹൃദങ്ങളാലും നല്ല അറിവുകളാലും ദൈവവിശ്വാസത്താലും സമ്പന്നരാകാൻ നിങ്ങൾക്കു സാധിക്കട്ടെ. വിദ്യാഭ്യാസത്തിനും വിനോദത്തിനും സൗഹൃദങ്ങൾക്കും ആപ്പുകളെ ആശ്രയിക്കേണ്ടി വരുന്ന കാലഘട്ടത്തിൽ കൂടുതൽ ജാഗ്രതയോടെ, ഉത്തരവാദിത്വത്തോടെ അവ ഉപയോഗിക്കുന്നതിന് നിങ്ങൾ ശ്രദ്ധിക്കണം. ഇവയുടെ ഉപയോഗത്തിൽ മാതാപിതാക്കളും അധ്യാപകരും നിങ്ങളോട് ആവശ്യപ്പെടുന്ന ചില നിയന്ത്രണങ്ങൾ സന്തോഷപൂർവ്വം സ്വീകരിക്കാൻ നിങ്ങൾ തയ്യാറാകുമല്ലോ? വിശ്വാസപരിശീലന ക്ലാസ്സുകളും ഓൺലൈനായി ആരംഭിക്കുകയാണ്. കുട്ടികളായ നിങ്ങൾ ഓൺലൈൻ വിശ്വാസപരിശീലനത്തോട് കഴിഞ്ഞ വർഷം കാണിച്ച താല്പര്യം ഈ വർഷവും തുടരണം. നിങ്ങളെ വിശ്വാസപരിശീലത്തിൽ സഹായിക്കുന്ന വികാരിയച്ചന്മാർ, കൊച്ചച്ചന്മാർ, സിസ്റ്റേഴ്സ്, മാതാപിതാക്കൾ, അധ്യാപകർ എന്നിവരുടെ നിർദ്ദേശങ്ങൾ പാലിക്കാനും അങ്ങനെ ഈശോയിലേക്കു കൂടുതൽ വളരാനും നിങ്ങൾ പരിശ്രമിക്കണം. ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നു വന്ന (ലൂക്ക: 2, 52) ഈശോയുടെ മാതൃക നിങ്ങളെ വഴി നടത്തട്ടെ.

ജൂൺ മാസം ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമായ മാസമാണ്. ഈ മാസത്തിൽ നമ്മുടെ ഹൃദയത്തെ ഈശോയുടെ ഹൃദയത്തിന് അനുരൂപമാക്കണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം. ശാന്തശീലനും ഹൃദയ എളിമയുള്ളവനുമായ ഈശോയെ ഞങ്ങളുടെ ഹൃദയം അങ്ങയുടെ ഹൃദയത്തിന് അനുരൂപമാക്കണമേ എന്ന സുകൃതജപം നമ്മുടെ അധരങ്ങളിൽ എപ്പോഴും ഉണ്ടായിരിക്കട്ടെ.

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസപരിശീലനകേന്ദ്രം

പുതിയ അധ്യയനവർഷത്തെ പ്രതീക്ഷയോടെ നമുക്ക് വരവേൽക്കാം. നവാഗതർക്ക് ഹൃദയപൂർവ്വം സ്വാഗതം നേരുന്നു. തിരുഹൃദയഭക്തി കൊണ്ടാടുന്ന ഈ മാസത്തിൽ ഈശോയിൽനിന്ന് നമുക്ക് പഠിക്കാം. പുതിയ അധ്യയനവർഷം അനുഗ്രഹപ്രദവും അനുഭവസമ്പന്നവുമാകട്ടെ എന്ന് എല്ലാ അധ്യാപകരോടും വിദ്യാർത്ഥികളോടും ആശംസിക്കുന്നു. കോവിഡ് എന്ന മഹാമാരിയെ ഈ ലോകത്തിൽ നിന്നും തുടച്ചുനീക്കാൻ തിരുഹൃദയനാഥനോട് നമുക്ക് ഒത്തൊരുമിച്ച് പ്രാർത്ഥിക്കാം.

**1. പുതിയ വിശ്വാസപരിശീലന ശൈലി**

നിലവിലുള്ള വിശ്വാസപരിശീലനത്തെക്കുറിച്ച് കഴിഞ്ഞ ഒരു വർഷം പല ചർച്ചകളും നടത്തുകയുണ്ടായി. വിശ്വാസപരിശീലനം വെറും പഠനം മാത്രം കേന്ദ്രീകരിച്ചതായിരിക്കുന്നത് ശരിയായ രീതിയല്ലെന്ന് പലരും അഭിപ്രായപ്പെട്ടു. അവയുടെ വെളിച്ചത്തിൽ “തലമുറകളുടെ സമഗ്രവളർച്ചയിലൂന്നിയ വിശ്വാസപരിശീലനം” എന്ന ലക്ഷ്യത്തോടെ ഏഴ് ഘടകങ്ങളുള്ള വിശ്വാസപരിശീലന കരട്രേഖ തയ്യാറാക്കിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ വിശദമായ ചർച്ചകൾ നടത്താൻ കഴിഞ്ഞിട്ടില്ല. സാഹചര്യം അനുകൂലമായാൽ കൂടുതൽ ചർച്ചകൾ നടത്താവുന്നതാണ്. എങ്കിലും ഈ പുതിയ ദർശനത്തിന്റെ ചുവടുപിടിച്ച് മുന്നോട്ടുള്ള വിശ്വാസപരിശീലന പരിപാടികൾ ഒരുക്കുന്നത് നല്ലതായിരിക്കും.

അതിലെ ആദ്യഘടകമായ ‘ദൈവാനുഭവത്തിലൂന്നിയ പ്രാർത്ഥനാജീവിതം’ ആയിരിക്കും ഈ വർഷത്തെ പ്രത്യേക വിഷയമായി നാം ഏടുക്കുന്നത്. ദൈവാനുഭവവും പ്രാർത്ഥനയുമാണ് വിശ്വാസപരിശീലനത്തിന്റെ ആദ്യഘട്ടവും സ്ഥിരമായ ഘട്ടവും ഫലവും. അതുകൊണ്ട് അക്കാര്യത്തിന് കൂടുതൽ പ്രാധാന്യം നല്കാൻ ഈ വർഷവും, വരും വർഷങ്ങളിലും ശ്രദ്ധകൊടുക്കണം.

കോവിഡിന്റെ പശ്ചാത്തലത്തിൽ വിശ്വാസപരിശീലന ക്ലാസുകൾ ഓൺലൈൻ വഴിയും നടത്താം. എന്നാൽ വി. കുർബ്ബാനയിലുള്ള പങ്കാളിത്തവും പ്രാർത്ഥനയും മുടങ്ങാതിരിക്കാൻ വീട്ടിലായിരിക്കുമ്പോഴും, പള്ളിയിലേക്ക് വരാൻ സാഹചര്യമൊരുങ്ങിയാലും പ്രത്യേകം ശ്രദ്ധിക്കണം.

**2. വിശ്വാസപരിശീലനവർഷ ഉദ്ഘാടനം**

**സീറോമലബാർ സഭാ തലത്തിൽ:-** മെയ് 30–ാം തിയതി കാക്കനാട്ടിൽനിന്ന് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി വിശ്വാസപരിശീലന വർഷം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യുന്നു. ഷെക്കെയ്ന ടിവിയിൽ വൈകീട്ട് 5.30 ന്

**അതിരൂപതാ തലത്തിൽ:-**

1. ഓൺലൈൻ ആരാധന : ജൂൺ 5–ാം തിയ്യതി 7.00 p.m.മുതൽ 8.00 p.m.വരെ എല്ലാ അദ്ധ്യാപകരും വിദ്യാർത്ഥികളും പങ്കെടുക്കണം.

2. ജൂൺ 6–ാം തിയ്യതി രാവിലെ 6.45 ന് തൃശ്ശൂർ അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത പുതിയ അധ്യയന വർഷത്തിന്റെ അതിരൂപതാതല ഉദ്ഘാടനം നിർവഹിക്കും. എല്ലാ വിദ്യാർത്ഥികളും അദ്ധ്യാപകരും അന്നേദിവസം കുർബ്ബാനയിലും പരിപാടികളിലും പങ്കെടുക്കണം.

3. വിശ്വാസപരിശീലനക്ലാസ്സുകൾ ജൂൺ 6 ന് ആരംഭിക്കും. സീറോ മലബാർ സഭയുടെ നേതൃത്വത്തിൽ മൂന്ന് കത്തോലിക്ക ചാനലുകളിലും (ഷെക്കെയ്ന, ശാലോം, ഗുഡ്നെസ്) ഒരേ ക്ലാസുകൾ പല സമയങ്ങളിലായി സംപ്രേക്ഷണം ചെയ്യാൻ ആലോചിക്കുന്നുണ്ട്. ആ ക്ലാസുകളിൽ പങ്കെടുക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കണം.

4. ഓൺലൈൻ കുർബ്ബാനകളും ക്ലാസുകളും ക്രമീകരിക്കുന്നുണ്ടെങ്കിലും സാഹചര്യമനുസരിച്ച് നിയമം അനുവദിക്കുന്നെങ്കിൽ കുട്ടികൾ പള്ളിയിൽ വന്ന് കുർബ്ബാനയിലും ക്ലാസുകളിലും പങ്കെടുക്കുന്നതിന് വേണ്ട ക്രമീകരണം ചെയ്യുമല്ലോ.

**3. ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ**

മാസ്ക്, സാനിറ്റൈസർ എന്നിവയുടെ ഉപയോഗം, നിശ്ചിത അകലം പാലിക്കൽ എന്നീ കാര്യങ്ങളിൽ വീഴ്ച്ച വരുത്തരുത്.

പാവപ്പെട്ട വിദ്യാർത്ഥികൾക്ക് യൂണിറ്റിന്റെ നേതൃത്വത്തിൽ പാഠപുസ്തകങ്ങൾ ഫ്രീയായി നൽകുന്നത് ഉചിതമായിരിക്കും.

എല്ലാ വിശ്വാസപരിശീലകരും XII, ACC തലത്തിലുള്ള വിദ്യാർത്ഥികളും സാധിക്കുന്നിടത്തോളം 'Media Catholica' Subscribe ചെയ്യണം.

ക്ലാസ്സ് അധ്യാപകരും വിദ്യാർത്ഥികളും മാത്രമുള്ള വാട്സാപ്പ് ഗ്രൂപ്പ് ഉണ്ടാക്കുക.

**4. അഭിനന്ദനങ്ങൾ**

കഴിഞ്ഞ അധ്യയനവർഷത്തിൽ വിശ്വാസപരിശീലനത്തിൽ ജേതാക്കളായവർക്കും കൂടുതൽ മികവോടെ സമ്മാനങ്ങളും റാങ്കുകളും നേടിയവർക്കും അവരെ പരിശീലിപ്പിച്ചവർക്കും പ്രോത്സാഹിപ്പിച്ചവർക്കും ഹൃദയപൂർവ്വം അഭിനന്ദനങ്ങൾ.

**5. പ്രബോധനവിഷയവും പ്രവർത്തനമേഖലയും**

പുതിയ അധ്യയനവർഷത്തിലെ പ്രബോധനവിഷയവും പ്രവർത്തനമേഖലയും **'ദൈവാനുഭവത്തിലൂന്നിയ പ്രാർത്ഥനാജീവിതം'** എന്നതായിരിക്കും.

**6. പാഠപുസ്തകവിതരണം - 2021 മെയ് 17 മുതൽ**

2021 മെയ് 17 മു**തൽ** വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നും പാഠപുസ്തകങ്ങൾ വിതരണം ചെയ്തു തുടങ്ങി. ഇതുസംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

a) വാങ്ങേണ്ട പുസ്തകങ്ങളുടെ ഓർഡർ (ഇൻഡന്റ്) പുസ്തകങ്ങൾ വാങ്ങാൻവരുന്നതിന് 5 ദിവസം മുമ്പ് ഇമെയിൽ catechismtrichur @gmail.com വഴി അയച്ചിരിക്കണം. ഇൻഡന്റ് വിശ്വാസപരിശീലന ബ്ലോഗിൽ നിന്നും, സോഫ്റ്റ് വെയറിലെ News എന്നതിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഇൻഡന്റ് ഇവിടെ ലഭിച്ചുകഴിഞ്ഞാൽ അതനുസരിച്ചുള്ള പുസ്തകങ്ങൾ ഇവിടെ ഒരുക്കി വയ്ക്കുന്നതാണ്. എക്സൽ ഫോർമാറ്റിൽ ആണ് ഇൻഡന്റ് തയ്യാറാക്കിയിരിക്കുന്നത്. എക്സൽ ഫോർമാറ്റിൽ തന്നെ തിരിച്ച് അയയ്ക്കേണ്ടതാണ്. പുസ്തകം വാങ്ങുന്നതിനുള്ള തിരക്കും കാത്തുനിൽപ്പും ഇതുവഴി ഒഴിവാക്കാം. പുസ്തകം കൊണ്ടുപോകാൻ വരുമ്പോൾ ബില്ലുപ്രകാരം ആദ്യം പണമടയക്കണം. അതിനുശേഷമേ പുസ്തകങ്ങൾ ലഭിക്കുകയുള്ളൂ. പുസ്തകവിതരണം രാവിലെ 10 മണിമുതൽ ഉച്ചതിരിഞ്ഞ് 4 മണിവരെ മാത്രം.

b) വാങ്ങിക്കൊണ്ടുപോയ പുസ്തകങ്ങൾ തിരിച്ചെടുക്കുന്നതല്ല. അതിനാൽ ആവശ്യത്തിനു മാത്രം പുസ്തകങ്ങൾ വാങ്ങുക.

സമയം : 10AM to 4PM

സ്ഥലം : Catechetical Religious Stall, DBCLC.

**7. 20212022 അധ്യയനവർഷത്തെ പാഠപുസ്തകങ്ങളുടെ വിലവിവരപട്ടിക**

| Std. | Sunday Catechism | | School Catechism | Moral Science | |
|---|---|---|---|---|---|
| | Malayam | English | Malayalam | Malayalam | English |
| I | 25 | 35 | 25 | 45 | 55 |
| II | 25 | 35 | 25 | 45 | 55 |
| III | 25 | 35 | 25 | 45 | 55 |
| IV | 25 | 35 | 25 | 45 | 55 |
| V | 30 | 40 | 25 | 50 | 55 |
| VI | 30 | 40 | 25 | 50 | 55 |
| VII | 30 | 40 | 25 | 50 | 55 |
| VIII | 30 | 40 | 25 | 50 | 55 |
| IX | 30 | 40 | 25 | 50 | 60 |
| X | 30 | 40 | 25 | 50 | 60 |
| XI | 30 | 40 | -- | 40 | 70 |
| XII | 30 | 40 | -- | 40 | 70 |

1) Non-detailed, Bible Study, Nursery Book: Rs. 10/- each.

2) Non -detailed Eng. Std. VII-XII Rs. 15/-

3) ACC Basic Text Book YOUCAT (for 3 years): Mal. Rs. 150/-; Eng. Rs. 350/-, ACC Supplementary Reader : Rs. 30/-

## 8. Evaluation Sheet

സോഫ്റ്റ് വെയറിൽ നിന്നും ഇവാലുവേഷൻ ഷീറ്റ് ഈ വർഷം തന്നെ പ്രിന്റ് എടുത്തുവെയ്ക്കേണ്ടതാണ്.

## 9. Contact Class Std. XI & XII

ഓൺലൈൻ ക്ലാസ്സുകളുള്ളതിനാൽ ഈ വർഷവും കോൺടാക്റ്റ് ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതല്ല എന്ന് അറിയിക്കുന്നു.

**10. അധ്യാപകരുടെ ആപ്റ്റിറ്റ്യൂഡ് പഠനവും പരീക്ഷയും**

ആപ്റ്റിറ്റ്യൂഡ് പഠനത്തിന് നിശ്ചയിച്ചിരിക്കുന്ന *വിശ്വാസവ*

*ഴിയിലെ സംശയങ്ങൾ* എന്ന ഗ്രന്ഥം വിശ്വാസപരിശീലനകേന്ദ്ര ത്തിൽ ലഭ്യമാണ്. അധ്യാപകർക്ക് വിശ്വാസപരിശീലനകേന്ദ്രത്തിന്റെ സബ്സിഡി നിരക്കിലുള്ള വില പുസ്തകത്തിന് 60 രൂപയായി രിക്കും. ഓരോ വിശ്വാസപരിശീലകനും സ്വന്തമായി പുസ്തകത്തിന്റെ ഒരു കോപ്പി ഉണ്ടായിരിക്കേണ്ടതാണ്. **ഈ വർഷത്തെ യൂണിറ്റ്തല പരീക്ഷ അർദ്ധവാർഷിക പരീക്ഷ കൾക്കുശേഷം ഒക്ടോബർ 24ന് ആയിരിക്കും.**

ഈ വർഷത്തെ (2021)പാഠ്യഭാഗം: **പേജ് 203–277**

ഭാഗം 7 മറിയം വിശുദ്ധർ

ഭാഗം 8 ക്രിസ്തീയധാർമ്മികതയും ചില പ്രശ്നങ്ങളും

ഭാഗം 9 സ്ത്രീകളും സഭയും

ഭാഗം 10 വിവാഹം: ചില കാനോനിക സംശയങ്ങൾ

ഭാഗം 11 വിശ്വാസജീവിതവും ശാസ്ത്രവും

## 11. പി. ടി. എ. ജനറൽബോഡി മീറ്റിംഗ്

ജൂൺ മാസത്തിൽ സൗകര്യമുള്ള ദിവസം യൂണിറ്റ് പി.ടി.എ. ജനറൽബോഡി മീറ്റിംഗ് കൂടുകയും ഒരു വർഷത്തേക്കുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് ആരംഭിക്കുകയും വേണം.

## 12. Catechism Software

വിശ്വാസപരിശീലന യൂണിറ്റുകളിലെയും വിശ്വാസപരിശീലന കേന്ദ്രത്തിലെയും വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള Catechism Software പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാണ്. ഇതിന്റെ പ്രയോജനം കൂടുതൽ ലഭ്യമാകുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ.

1. പുതിയ വിവരങ്ങൾ ഉടനടി ചേർക്കുക: വിദ്യാർഥികളോ അധ്യാപകരോ പുതിയതായി ചേരുമ്പോൾത്തന്നെ ആവശ്യമായ മുഴുവൻ ഡാറ്റയും ശേഖരിക്കുകയും ഉടൻതന്നെ സോഫ്റ്റ് വെയറിൽ ചേർക്കുകയും ചെയ്യുക.

2. മുമ്പ് ചേർത്തിട്ടുള്ള വിവരങ്ങളിൽ വരുന്ന മാറ്റങ്ങൾ ഉടനെത്തന്നെ സോഫ്റ്റ് വെയറിലെ ഡാറ്റയിലും വരുത്തുക (ഉദാ: അഡ്രസ്, ഫോൺ നമ്പർ, ക്ലാസ്സ്, ഡിവിഷൻ, അധ്യാപകരുടെ ഉത്തരവാദിത്വങ്ങൾ എന്നിവ)

3. ഹാജറുകൾ അതത് ദിവസം തന്നെ ചേർക്കുക.

4. പരീക്ഷാഫലങ്ങൾ തുടങ്ങിയ കാര്യങ്ങൾ ഉടനെത്തന്നെ ചേർക്കുക.

5. വിശ്വാസപരിശീലനയൂണിറ്റിലെ എല്ലാക്കാര്യങ്ങളുടെയും ഏറ്റവും പുതുക്കിയതും പൂർണ്ണവുമായ ഡാറ്റ ലഭിക്കത്തക്കവിധം സോഫ്റ്റ് വെയർ Up-to-date ചെയ്തുകൊണ്ടിരിക്കുക.

**13. സ്കൂൾ കാറ്റകിസം & മോറൽ സയൻസ്**

സ്കൂൾ കാറ്റകിസം & മോറൽ സയൻസ് ക്ലാസ്സുകൾ ജൂൺ ആദ്യവാരത്തിൽ തന്നെ അന്നത്തെ സാഹചര്യം അനുസരിച്ച് ഓൺലൈനായോ ഓഫ് ലൈനായോ ആരംഭിക്കേണ്ടതാണ്. പാഠപുസ്തകങ്ങളുടെ ഇൻഡന്റ് ബ്ലോഗിൽ കൊടുക്കുന്നതാണ്. സ്കൂളിന്റെ ഇമെയിൽ അഡ്രസ്സിൽ അയച്ചുതരുന്നതുമാണ്

**14. കോഴ്സുകളും സെമിനാറുകളും**

വിശ്വാസപരിശീലനവിദ്യാർത്ഥികൾക്കുള്ള പരിശീലന പരിപാടികളും അധ്യാപകർക്കുള്ള ഏകദിനസെമിനാറുകളും റിസോഴ്സ് പേഴ്സൺ ക്ലാസ്സുകളും സംബന്ധിച്ചുള്ള വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

പ്രാർത്ഥനയോടെ,

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY

**TRICHUR DBCLC**

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. B.A. in Theology and Religious Studies (**affiliated to Katholicke Universiteit, Leuven, Belgium):

അൽമായർക്കും, സന്യസ്തർക്കും വേണ്ടിയുള്ള കോഴ്സാണിത്. ഈ കോഴ്സിന്റെ ക്ലാസുകൾ എല്ലാ ഞായറാഴ്ചകളിലും 2 PM മുതൽ 5 PM വരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 10 AM മുതൽ 5 PM വരെയും നടത്തപ്പെടുന്നു. പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് DBCLCയിലെ Institute of Theology Office- മായി ബന്ധപ്പെടുക.

- ക്ലാസ്സുകൾ ജൂൺ മാസത്തിൽ ആരംഭിക്കുന്നു.
- ബോധന മാദ്ധ്യമം: ഇംഗ്ലീഷ്.
- യോഗ്യത: ഡിഗ്രി പൂർത്തിയായവർക്കും, ഡിഗ്രി ചെയ്യുന്നവർക്കും.

**2. Certificate Course in Theology (**affiliated to Chair for Christian Studies and Research, Calicut University):

അൽമായർക്കും, സന്യസ്തർക്കും വേണ്ടിയുള്ള കോഴ്സാണിത്. പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് DBCLC യിലെ Institute of Theology Office-മായി ബന്ധപ്പെടുക.

- 24 വിഷയങ്ങളുള്ള കോഴ്സാണിത്.
- ബോധന മാദ്ധ്യമം: മലയാളം
- മാസംതോറും രണ്ടു ഞായറാഴ്ചകളിലായി രണ്ടു ക്ലാസ്സുകൾ.
- ഒരു വർഷംകൊണ്ട് പൂർത്തിയാക്കുന്നു.

- യോഗ്യത: എസ്.എസ്.എൽ.സി.യോ അതിനുമുകളിലോ.
- ക്ലാസ്സുകൾ ജൂൺ മാസത്തിൽ ആരംഭിക്കുന്നു.

**3. Advanced Certificate Course in Theology (**affiliated to Chair for Christian Studies and Research, Calicut University):

സന്യാസിനികൾക്കായി Theology Course, പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ DBCLCയിലെ Institute of Theology Office-മായോ മേരിമാതാ മേജർ സെമിനാരി തിയോളജി ഡീനുമായി ബന്ധപ്പെടുക.

- ജൂൺ ഒന്ന് മുതൽ ക്ലാസുകൾ ആരംഭിക്കുന്നു.
- ആറുമാസം നീണ്ടുനിൽക്കുന്നു.
- ക്ലാസ്സുകൾ മേരിമാതാ മേജർ സെമിനാരിയിൽ നടക്കുന്നു.
- സന്യാസിനികൾക്കു മാത്രം.
- യോഗ്യത: പ്ലസ് ടു.

**4. Catechumenate Course**

പുതിയതായി കത്തോലിക്കാ സഭയിൽ ചേരുന്നവർക്കുള്ള വിശ്വാസപരിശീലന കോഴ്സുകൾ ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. വിവാഹത്തോടനുബന്ധിച്ച് കത്തോലിക്കവിശ്വാസം സ്വീകരിച്ചവർക്ക് കൂടുതൽ ആഴമുള്ള വിശ്വാസരൂപീകരണത്തിന് ഈ കോഴ്സ് ഉപകരിക്കും. ഇടവകകളിൽനിന്ന് അത്തരക്കാരെ ഈ കോഴ്സിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുമല്ലോ.

**ഫാ. ഫ്രാൻസീസ് ആളൂർ**

ഡയറക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**1. ലോക ഹീമോഫീലിയ ദിനാചരണം**

ലോക ഹീമോഫീലിയദിനത്തോടനുബന്ധിച്ച് കുന്നംകുളം ഹീമോഫീലിയ സൊസൈറ്റിയുടെയും ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗത്തിന്റെയും ആഭിമുഖ്യത്തിൽ അവബോധ സമ്മേളനം സംഘടിപ്പിച്ചു. ട്രാൻസ് ഫ്യൂഷൻ മെഡിസിൻ വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. അബൂബക്കർ മുഹമ്മദ് റാഫി ഹീമോഫീലിയയെയും മറ്റു ബ്ലീഡിങ് ഡിസോർഡറുകളെയും കുറിച്ച് വിശദമായ അവബോധ ക്ലാസ് വിർചൽ ആയി നടത്തി. കേരളത്തിലുടനീളം ഉള്ള ഹീമോഫീലിയ രോഗികൾ ക്കായി പ്രവർത്തിക്കുന്ന ഹീമോഫിലിയ സൊസൈറ്റിയുടെയും കുന്നംകുളം ചാപ്റ്റർ ജനറൽ സെക്രട്ടറി ശ്രീ. ഇ. രഘുനന്ദനൻ, സെക്രട്ടറി ഡോ. പി. എം. ഫിറോസ് , പ്രസിഡന്റ് പ്രൊഫ. എൻ. എൻ. ഗോഹുൽ ദാസ് , ശ്രീ എ. സി. മുഹമ്മദ് ഷെഫീഖ് , ശ്രീ. ബാഗീഷ് എസ്. ബി. , ട്രാൻസ്ഫ്യൂഷൻ മെഡിസിൻ മേധാവി ഡോ. സുശീല ജേക്കബ് ഇന്ന (JMMC) മുതലായവർ പരിപാടിയിൽ സംസാരിച്ചു. വിർചൽ ആയി സംഘടിപ്പിച്ച മീറ്റിംഗിൽ നിരവധി ഡോക്ടർമാരും ഹീമോഫീലിയ രോഗികളും ആരോഗ്യപ്രവർത്തകരും പങ്കെടുത്തു.

**2. സുരക്ഷിതമായ മാതൃത്വ ദിനാചരണം ജൂബിലിയിൽ**

ഡോ. സെറീന ഗിൽവാസിന്റെ നേതൃത്വത്തിൽ ഗൈനക്കോളജി വിഭാഗത്തിലെ ഫാക്കൽറ്റി അംഗങ്ങൾ Safe Motherhood Day ആചരിച്ചു. ആന്റിനേറ്റൽ കെയറിന്റെ ആവശ്യകതയെക്കുറിച്ചും കുടുംബ ആസൂത്രണത്തോടൊപ്പം പ്രസവാനന്തര പരിചരണത്തിന് ഊന്നൽ നൽകേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചും സ്ത്രീകളെ ബോധവൽക്കരിക്കുകയും ചെയ്തു. സുരക്ഷിതമായ മാതൃത്വത്തിന്റെ ആറ് തൂണുകളായ ആന്റിനേറ്റൽ കെയർ, ഒബ്സ്റ്റട്രിക് കെയർ, പ്രസവാനന്തര പരിചരണം, കുടുംബാസൂത്രണം, ഗർഭച്ഛിദ്രത്തിനുശേ ഷമുള്ള പരിചരണം, എസ്ടിഡി / എച്ച്ഐവി നിയന്ത്രണം എന്നിവയെക്കുറിച്ച് ഗൈനക്കോളജി കൺസൾട്ടന്റ് ഡോ. ലോല രാമചന്ദ്രൻ ഒരു ഹ്രസ്വപ്രസംഗം നടത്തി. പ്രാഥമിക ആരോഗ്യ പരിരക്ഷ, സ്ത്രീകൾക്ക് തുല്യത, വിദ്യാഭ്യാസം എന്നിവയുടെ പ്രാധാന്യത്തെ

ക്കുറിച്ചും, സുരക്ഷിതമായ മാതൃത്വലക്ഷ്യങ്ങളുടെ ഭാഗമായ പെരുമാറ്റ വ്യതിയാനത്തെ സംബന്ധിച്ച ആശയവിനിമയം എന്നിവ ഊന്നിപ്പറഞ്ഞു. ജൂബിലി മിഷൻ മെഡിക്കൽ കോളജിലെ എംബിബിഎസ് വിദ്യാർത്ഥികൾ തയ്യാറാക്കിയ 'Safe Motherhood' എന്ന വിഷയത്തെ ആസ്പദമാക്കി തയ്യാറാക്കിയ ചാർട്ടുകളെക്കുറിച്ചുള്ള ഹ്രസ്വചർച്ച നടത്തുകയും രോഗികളുടെ ചോദ്യങ്ങൾ പരിഹരിക്കുന്നതിനും ആന്റിനേറ്റൽ കെയറിന്റെ പ്രാധാന്യം മനസ്സിലാക്കാൻ സഹായിക്കുന്നതിനുമായി ഡോ. മിറിയം ടീനയും ഡോ. ദീപ്തി നായരും ചേർന്ന് ഒരു ആന്റിനേറ്റൽ ക്ലാസ് നടത്തി.

**3. ജേർണൽ ക്ലബ്ബ്**

കോവിഡ്-19 ന്റെ ഭയാശങ്കകളും അസൗകര്യങ്ങളും മനുഷ്യനന്മക്കായി മാറ്റിയെടുക്കാമെന്നതിന്റെ തെളിവാണ് ഇക്കാലയളവിൽ ജൂബിലിയിൽ നിന്നുള്ള 27 ഗവേഷണ പ്രസിദ്ധീകരണങ്ങൾ. ദേശീയവും അന്തർദേശീയവുമായ ജേർണലുകളിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങളെ പ്രതിപാദിച്ചായിരുന്നു 51-ാമത് ജേർണൽ ക്ലബ്ബ് യോഗം ഗവേഷണ വിഭാഗം സംഘടിപ്പിച്ചത്.

കോവിഡിനെ പ്രതിരോധിക്കാനുള്ള മുന്നൊരുക്കങ്ങൾ ആയിരുന്നു ഇതിൽ 10 എണ്ണം. ഫലപ്രദമായ ഇടപെടലും ബന്ധപ്പെട്ട പഠനങ്ങളുമായിരുന്നു വേറൊരു പത്തെണ്ണം. കോവിഡ് മനുഷ്യരാശിക്കേൽപ്പിച്ച ആഘാതം വിലയിരുത്തുതായിരുന്നു മറ്റ് 7 എണ്ണം. എല്ലാ ലേഖനങ്ങളുടേയും സംക്ഷിപ്ത രൂപം റിസർച്ച് കോർഡിനേറ്റർ ഡോ. പി. ആർ. വർഗ്ഗീസ് മദർ തെരേസ ഹാളിൽ നടന്ന യോഗത്തിൽ അവതരിപ്പിച്ചു.

**4. അഭിനന്ദനങ്ങൾ .. ആശംസകൾ ..**

- സെൻട്രൽ ലബോറട്ടറിയിലെ DMLT വിദ്യാർത്ഥിയായ ജാസ്മിൻ ടി. ജെ അഖിലേന്ത്യാതലത്തിൽ DMLT കോഴ്സിൽ മൂന്നാം റാങ്ക് കരസ്ഥമാക്കി.
- Indian Society of Blood Transfusion and Immunohaematology യുടെ 45-ാംമത് വാർഷിക കോൺഫറൻസിനോടനുബന്ധിച്ചു നടന്ന TRANSCON 2020 ൽ ക്ലിനിക്കൽ ട്രാൻസ്ഫ്യൂഷൻ പ്രാക്ടിസിൽ പോസ്റ്റർ പ്രസന്റേഷനിൽ ഒന്നാം സ്ഥാനവും ഓറൽ പേപ്പർ പ്രസന്റേഷനിൽ മൂന്നാം സ്ഥാനവും നേടിയ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗം ബിരുദാനന്തര വിദ്യാർത്ഥികളായ ഡോ. ശ്രീരാജ് വി. ക്കും ഡോ. അർജുൻ വി. ജെ. ക്കും അഭിനന്ദനങ്ങൾ.

**5. ഡയാലിസിസിന് സംഭാവന നൽകിയവർ**

- ജോസ് സി. കെ, എടക്കളത്തൂർ ഹൗസ്, പുതുക്കാട്, തൃശ്ശൂർ (50 ഡയാലിസിസ്)
- സെന്റ് ജോർജ്ജ് ചർച്ച്, സി.എൽ.സി, മുക്കാ'ുകര, നെ'ിശ്ശേരി, തൃശ്ശൂർ (1150 ഡയാലിസിസ്)

**6. അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- ഡോ. ഡേവിഡ് പുതുക്കാടൻ, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ജോസ് പി. ആർ, കുരുതുകുളങ്ങര ഹൗസ്, പല്ലിശ്ശേരി, തൃശ്ശൂർ
- സിജു ലൂവീസ്, പറവട്ടാനി,
- ഡോ. സുശീല ജെ ഇന്ന, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ജോർജ്ജുകുട്ടി പി. എ, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ജോഷി ചിറമ്മൽ, ചിറമ്മൽ ഹൗസ്, ലൂർദ്ദുപുരം, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

# കത്തോലിക്ക കോൺഗ്രസ്സ്

**1. സോഫ്റ്റ് ഡ്രിംഗും, സ്നാക്സും കോവിഡ് പോരാളികൾക്ക്**

അതിരൂപത കത്തോലിക്ക കോൺഗ്രസിന്റെ ആഹ്വാനപ്രകാരം ഫൊറോന യൂണിറ്റ് സംയുക്തസമിതിയുടെ നേതൃത്വത്തിൽ പൊതു ഇടങ്ങളിൽ കോവിഡ് പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്ന, സേവനം ചെയ്യുന്ന പോലീസുകാർ, ആരോഗ്യമേഖല പ്രവർത്തകർക്കുള്ള പകൽസമയം ദാഹം മാറ്റുന്നതിനായി സോഫ്റ്റ് ഡ്രിംഗും, സ്നാക്സും നൽകുന്നു. വിവിധ ഇടവകകളിൽ ഇതിനായി യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി വരുന്നു.

**2. ഓക്സി മീറ്ററുകൾ വിതരണം ചെയ്യുന്നു**

അതിരൂപതയുടെ വിവിധ ആതുരശുശ്രൂഷ സ്ഥാപനങ്ങളിലേയ്ക്കും, മറ്റ് ഇതര ശുശ്രൂഷ കേന്ദ്രങ്ങളിലേയ്ക്കും അതിരൂപത സമിതിയുടെ നേതൃത്വത്തിൽ ഓക്സി മീറ്ററുകൾ സൗജന്യമായി നൽകി വരുന്നു. കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് സൗജന്യ ഓക്സി മീറ്ററുകൾ എത്രയും വേഗം എത്തിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ തുടരുന്നു

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

**അഡ്വ. ബിജു കുണ്ടുകുളം**
പ്രസിഡന്റ്

**എൻ.പി. ജാക്സൻ**
ജനറൽ സെക്രട്ടറി

# KCYM

**1. കെ.സി.വൈ.എം. തൃശൂർ അതിരൂപത ജനറൽബോഡി യോഗം**

കെ.സി.വൈ.എം. തൃശൂർ അതിരൂപതയിലെ പ്രഥമ ജനറൽബോഡി യോഗം ഏപ്രിൽ 18 ഞായറാഴ്ച ഉച്ചയ്ക്ക് 3 മണിയ്ക്ക് കെ.സി.വൈ.എം. ഓഫീസിൽ നടന്നു. അതിരൂപത പ്രസിഡന്റ് സാജൻ മുണ്ടൂർ "ക്രൈസ്തവ യുവത്വം കരുതലായി കുടുംബത്തിലും, സമൂഹത്തിലും" എന്ന ആപ്തവാക്യം കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് ഈ വർഷം പ്രാധാന്യം നൽകുമെന്ന് അദ്ധ്യക്ഷത വഹിച്ചുകൊണ്ട് പറഞ്ഞു. അതിരൂപത ഡയറക്ടർ റവ. ഫാ. ലിൻസൻ തട്ടിൽ ഉദ്ഘാടനം ചെയ്തു. ഈ കോവിഡ് കാലത്ത് യുവജനങ്ങൾ നമ്മൾ ആയിരിക്കുന്ന ഫൊറോനയിലും, ഇടവകയിലും പ്രവർത്തന നിരതരായിരിക്കണമെന്ന് ഡയറക്ടർ ഓർമ്മിപ്പിച്ചു. അതിരൂപത ജനറൽ സെക്രട്ടറി അഖിൽ ജോസ് സ്വാഗതം പറഞ്ഞു. ട്രഷറർ ജിഷാദ് ജോസ്, വൈസ് പ്രസിഡന്റ് ജിയോ മാഞ്ഞൂരാൻ, ജെസ്ന ജീജോ, ആനിമേറ്റർ സി. ഫ്രാൻസി മരിയ എന്നിവർ യോഗത്തിന് ആശംസകൾ അർപ്പിച്ചു സംസാരിച്ചു. തുടർന്ന് 2021 വർഷത്തെ കർമ്മപദ്ധതിയെക്കുറിച്ച് യോഗം ചർച്ച ചെയ്തു. പതിനാറ് ഫൊറോനയിൽനിന്നുള്ള ഭാരവാഹികൾ പങ്കെടുത്തു. സെക്രട്ടറി മെജോ മോസസ്, വിന്നി വിൻസെന്റ്, സെനറ്റ് അംഗ

ങ്ങളായ ടോണി കല്ലൂക്കാരൻ, ഷെറിൻ വർഗ്ഗീസ്, SMYM പ്രതിനിധിക ളായ ഡാനിയേൽ ജോസഫ്, സ്നേഹ ബെന്നി എന്നിവർ നേതൃത്വം നൽകി.

**2. 'ലീഡ് ഓൺ' ഫോർമേഷൻ ക്യാമ്പ് ഒരുക്കി കെ.സി.വൈ.എം. തൃശൂർ അതിരൂപത**

കെ.സി.വൈ.എം. തൃശൂർ അതിരൂപത സമിതിയുടെ നേതൃത്വ ത്തിൽ ഫൊറോന ഭാരവാഹികൾക്കായി 'ലീഡ് ഓൺ' ഫോർമേഷൻ ക്യാമ്പ് ഓൺലൈനിൽ ഒരുക്കി. തൃശൂർ അതിരൂപത മെത്രാപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. യുവജനങ്ങൾ എന്നും സഭയുടെ മുതൽക്കൂട്ട് ആണെന്നും, കോവിഡ് കാലത്തെ യുവജനങ്ങ ളുടെ പ്രവർത്തനങ്ങൾ വിലമതിക്കുന്നതാണെന്നും ഉദ്ഘാടന പ്രഭാഷ ണത്തിൽ പിതാവ് കൂട്ടിച്ചേർത്തു. അതിരൂപത പ്രസിഡന്റ് സാജൻ മുണ്ടൂർ അദ്ധ്യക്ഷത വഹിച്ചു. 'ക്രൈസ്തവ യുവത്വം കരുതലായി കുടും ബത്തിലും സമൂഹത്തിലും' എന്ന ആപ്തവാക്യത്തിൽ അടിയുറച്ചു നല്ല പ്രവർത്തനങ്ങൾക്ക് ഈ 2021 വർഷത്തിൽ നേതൃത്വം നൽകണമെന്നും കൂട്ടിച്ചേർത്തു. അതിരൂപത ഡയറക്ടർ ഫാ. ലിൻസൻ തട്ടിൽ ആമുഖ പ്രഭാഷണം നടത്തി. സീറോ മലബാർ സഭയുടെ വക്താവും, മുൻ ICYM പ്രസിഡന്റും ആയിരുന്ന സിജോ അമ്പാട്ട് ക്ലാസിന് നേതൃത്വം നൽകി. മുപ്പത്തിമൂന്നുകാരനായ നസ്രായൻ യേശുവിനെ മാതൃകയാക്കി സഭ യുടെയും, സമൂഹത്തിന്റെയും പ്രവർത്തന മേഖലകളിൽ യുവജനങ്ങൾ തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിക്കണമെന്ന് ക്ലാസ്സിൽ പറഞ്ഞു. ഫൊറോന ഭാരവാഹികളും, ബഹുമാനപ്പെട്ട സിജോ അമ്പാട്ടും ആയി സംവാദത്തിനുള്ള അവസരവും ഒരുക്കി. മുൻ സംസ്ഥാന സെക്രട്ടറി അനൂപ് പുന്നപ്പുഴ, അതിരൂപത ജനറൽ സെക്രട്ടറി അഖിൽ ജോസ്, ജിഷാദ് ജോസ്, വൈസ് പ്രസിഡന്റ് ജിയോ മാഞ്ഞൂരാൻ, ജെസ്ന ജീജോ എന്നിവർ ഫോർമേഷൻ ക്യാമ്പിന് ആശംസകൾ അർപ്പിച്ചു സംസാരിച്ചു. സെക്രട്ടറി മെജോ മോസസ്, വിന്നി വിൻസെന്റ്, സെനറ്റ് അംഗങ്ങളായ ടോണി കല്ലൂക്കാരൻ, ഷെറിൻ വർഗ്ഗീസ്, SMYM പ്രതി നിധികളായ ഡാനിയേൽ ജോസഫ്, സ്നേഹ ബെന്നി എന്നിവർ നേതൃത്വം നൽകി.

കെ.സി.വൈ.എം. തൃശൂർ അതിരൂപത സമിതിയുടെ നേതൃത്വ ത്തിൽ അതിരൂപത ഭാരവാഹികൾ, ഫൊറോന ഡയറക്ടേഴ്സിന്റെയും, ഫൊറോന പ്രസിഡന്റുമാരുടെയും സംയുക്ത ഓൺലൈൻ യോഗം സംഘടിപ്പിച്ചു. കോവിഡ് മരണങ്ങൾ കഴിഞ്ഞ മൂന്നാഴ്ചകളിലായി താണ്ഡവമാടുന്ന കാഴ്ചയാണ് നടന്നുകൊണ്ടിരിക്കുന്നതെന്നും, ഇടവ

കയിൽ ഹെൽപ്പ് ഡെസ്ക്കുകൾ രൂപീകരിച്ച് സന്നദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് നാം യുവജനങ്ങൾ മുന്നിട്ട് ഇറങ്ങണമെന്നും ഇടവക/ഫൊറോന തലത്തിൽ ടാസ്ക് ഫോഴ്സ് രൂപം നൽകേണ്ട ആവശ്യകതയും അതിരൂപത പ്രസിഡന്റ് സാജൻ മുണ്ടൂർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു പറഞ്ഞു. അതിരൂപത ഡയറക്ടർ ഫാ. ലിൻസൺ തട്ടിൽ ആമുഖ പ്രഭാഷണത്തിൽ നമ്മുടെ ഇടവകകളിൽ മരണാനന്തര ചടങ്ങുകളിൽ മറ്റു ബാഹ്യശക്തികളുടെ കടന്നുകയറ്റവും മറ്റും ഒഴിവാക്കാൻ ശ്രമിക്കണമെന്നും, വേണ്ട നടപടികൾ സ്വീകരിച്ച് മുന്നോട്ടു പോകാമെന്നും കൂട്ടിച്ചേർത്തു. സാന്ത്വനം സോഷ്യൽ അപ്പോസ്തോലേറ്റ് അസി. ഡയറക്ടർ ഫാ. പോൾ മാളിയമ്മാവ് മുഖ്യപ്രഭാഷണം നടത്തി. സാന്ത്വനത്തിന്റെ നേതൃത്വത്തിൽ അതിരൂപതയിൽ നടക്കുന്ന പ്രവർത്തനങ്ങളും യുവജന പങ്കാളിത്തവും വ്യക്തമാക്കുകയും, കോറന്റെയിനിൽ കഴിയുന്നവർക്ക് വൈദീകരെകൊണ്ട് ആവശ്യമെങ്കിൽ പ്രാർത്ഥനാസഹായം ലഭ്യമാക്കേണ്ട ആവശ്യകതയും മനസ്സിലാക്കി തന്നു. അതിരൂപത അസി. ഡയറക്ടർ ഫാ. ഫെബിൻ കൂത്തൂർ ക്രിമേഷനുകൾക്ക് കൂടുതൽ വളണ്ടിയേഴ്സിനെ പങ്കെടുപ്പിക്കേണ്ടതിന്റെ ആവശ്യകത വിശദീകരിച്ചു. അതിരൂപത ജനറൽ സെക്രട്ടറി അഖിൽ ജോസ് സ്വാഗതവും, ട്രഷറർ ജിഷാദ് ജോസ് നന്ദിയും രേഖപ്പെടുത്തി സംസാരിച്ചു. ഫൊറോന ഡയറക്ടർമാരും, പ്രസിഡന്റുമാരും ആശയങ്ങളും, വിവിധ വിഷയങ്ങളും പങ്കുവച്ചു. ഫൊറോന നേതൃത്വം യൂണിറ്റ് തലത്തിൽ ഇടപെട്ട് ഇടവകകളിൽ ടാസ്ക് ഫോഴ്സ് വളണ്ടിയർമാരെ സജ്ജരാക്കുകയും, ഇടവക ട്രസ്റ്റിമാർ, കുടുംബകൂട്ടായ്മ കേന്ദ്ര സമിതി, കുടുംബകൂട്ടായ്മ ഭാരവാഹികൾ തുടങ്ങിയവരെ തൃശൂർ അതിരൂപത സാമൂഹ്യ സേവന വിഭാഗമായ സാന്ത്വനം സോഷ്യൽ അപ്പോസ്തോലേറ്റ് നേതൃത്വം നൽകുന്ന ടാസ്ക് ഫോഴ്സിന്റെ സഹായങ്ങൾ മരണാനന്തര ചടങ്ങുകൾക്ക് ലഭ്യമാണെന്ന് അറിയിക്കാനും, ഫൊറോന ഡയറക്ടർമാർ വികാരി അച്ചന്മാരെ ബന്ധപ്പെട്ടുകൊണ്ട് സാധ്യമെങ്കിൽ ഹെൽപ്പ് ഡെസ്ക്, ടാസ്ക് ഫോഴ്സ് രൂപീകരിക്കാൻ നിർദ്ദേശിക്കണമെന്നും, ഇടവകയിൽ കോവിഡ് മരണം സംഭവിക്കുകയാണെങ്കിൽ അതിരൂപത സാന്ത്വനവുമായി ബന്ധപ്പെടണമെന്ന് അറിയിക്കുവാനും യോഗം വിലയിരുത്തി. ഇടവക വികാരി വഴി വാർഡ് തലത്തിൽ ഉള്ള RRT പ്രവർത്തനങ്ങളുടെ ഭാഗമായുള്ള വളണ്ടിയർ പാസ് ലഭ്യമാക്കുന്നതിന് വാർഡ് മെമ്പർ മുഖേന വേണ്ട നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കണം എന്നും യോഗത്തിൽ ആവശ്യപ്പെട്ടു.

**3. മാതൃദിനം**

അമ്മമാർക്ക് മാത്രമുള്ളതല്ല ഈ ദിനം. മക്കളെ നഷ്ടപ്പെട്ട അമ്മമാർക്കും, അമ്മയെ നഷ്ടപ്പെട്ട മക്കൾക്കുംകൂടി ഉള്ളതാണ് ഈ ദിനം. മക്കളാൽ ഉപേക്ഷിക്കപ്പെട്ട, മാനസികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന അമ്മമാരെ ചേർത്തു പിടിച്ച് ഈ മാതൃദിനത്തിൽ കെ.സി.വൈ.എം. തൃശൂർ അതിരൂപത സമിതിയുടെ ആഭിമുഖ്യത്തിൽ പുല്ലഴി സെന്റ് ജോസഫ്സ് മെന്റൽ ഹെൽത്ത് കെയർ ഹോമിലേക്ക് അവശ്യവസ്തുക്കൾ കൈമാറി. സെന്റ് ജോസഫ് ഭവൻ ഡയറക്ടർ റവ. ഫാ. രാജു അക്കര, മദർ സിസ്റ്റർ മേരിക്കുട്ടി എന്നിവർ കൃതജ്ഞത രേഖപ്പെടുത്തി സംസാരിച്ചു. അതിരൂപത ഡയറക്ടർ ഫാ. ലിൻസൻ തട്ടിൽ, പ്രസിഡന്റ് സി.ജെ. സാജൻ, ജനറൽ സെക്രട്ടറി അഖിൽ ജോസ്, ട്രഷറർ ജിഷാദ് ജോസ്, സംസ്ഥാന സിൻഡിക്കേറ്റ് അംഗം സാജൻ ജോസ്, വൈസ് പ്രസിഡന്റ് ജെസ്ന ജീജോ എന്നിവർ സന്നിഹിതരായി.

**ഫാ. ലിൻസൺ തട്ടിൽ**
ഡയറക്ടർ

**സാജൻ ജോയി**
പ്രസിഡന്റ്

**അഖിൽ ജോസ്**
സെക്രട്ടറി

# സി.എൽ.സി.

## 1. തൃശ്ശൂർ അതിരൂപത സി എൽ സിയുടെ #donate_before_inject_challenge

തൃശ്ശൂർ അതിരൂപത സി എൽ സിയുടെ നേതൃത്വത്തിൽ #donate_before_inject_challenge എന്ന പേരിൽ രക്തദാന ക്യാമ്പുകൾ നടത്തി. 18 വയസ്സിനു മുകളിൽ പ്രായമുള്ളവർ കോവിഡ് പ്രതിരോധ കുത്തിവയ്പ് എടുക്കുന്നതിന് മുൻപ് രക്തം ദാനം ചെയ്യുന്നതിനും തുടർന്ന് വാക്സിൻ കുത്തി വയ്പിനായി രജിസ്റ്റർ ചെയ്യുന്നതും ഊർജിതമാക്കുന്നതിന്റെ ഭാഗമായാണ് ഈ ഒരു ചലഞ്ച് മുന്നോട്ട് വച്ചത്.

അതിരൂപതയിലെ 50'ൽ പരം യൂണിറ്റുകൾ ഇതിനോടകം തന്നെ ഈ ചലഞ്ച് ഏറ്റെടുത്തു വിവിധ ആശുപത്രികളിലായി തങ്ങളുടെ രക്തം ദാനം ചെയ്തു തങ്ങളുടെ ഐക്യദാർഢ്യം പ്രഖ്യാപിച്ചു. മേയ് 1 മുതൽ 31 വരെ ഉള്ള ദിനങ്ങളിൽ ആണ് ഈ ക്യാമ്പുകൾ നടത്തി വരുന്നത്.

**2. കോവിഡ് മുക്തരായ സന്നദ്ധ രക്തദാതാക്കളുടെ ഒരു ഡാറ്റ ബാങ്ക്**

തൃശ്ശൂർ അതിരൂപത സിഎൽസിയുടെ നേതൃത്വത്തിൽ, ഈ കോവിഡ് കാലഘട്ടത്തിൽ നമ്മൾ ഏറ്റവും അധികം വെല്ലുവിളികൾ നേരിട്ട് കൊണ്ടിരിക്കുന്ന ഒരു മേഖലയായ നമ്മുടെ ആരോഗ്യരംഗം. കോവിഡ് രോഗികളുടെ ചികിൽസയിൽ ഏറ്റവും ഫലപ്രദമായ ഒരു രീതിയാണ് പ്ലാസ്മ ട്രീറ്റ്മെന്റ് എന്ന വസ്തുത മനസ്സിലാക്കി കൊണ്ട് ,അതിനായി കോവിഡ് മുക്തരായ സന്നദ്ധ രക്തദാതാക്കളുടെ ഒരു ഡാറ്റ ബാങ്ക് രൂപീകരണവും നടത്തി വരുന്നു.

**3. റൊസാരിയം 2021**

തൃശ്ശൂർ അതിരൂപത സി എൽ സിയുടെ നേതൃത്വത്തിൽ മാതാവിന്റെ വണക്കമാസമായ മേയ് മാസത്തിൽ പരിശുദ്ധ അമ്മയ്ക്കായി ഒരു കോടി നന്മ നിറഞ്ഞ മറിയമേ .. എന്ന ലക്ഷ്യത്തോടെ റൊസാരിയം 2021 എന്ന പേരിൽ പ്രാർത്ഥന യത്നം നടത്തുവാൻ തീരുമാനിച്ചു. അതിരൂപത തലത്തിൽ കൺവീനർ ആയി ശ്രീ. അജിത്ത് വർഗീസിനെയും ജോയിന്റ് കൺവീനർ ആയി കുമാരി. അനിറ്റ ആന്റണിയെയും തിരഞ്ഞെടുത്തു. അതിരൂപതയിലെ ഫൊറോനകളെ 3 മേഖലകൾ ആയി തിരിച്ച് കുമാരി. എയ്ഞ്ചൽ,കുമാരി ജിൻഷ,കുമാരി. ആൻ ഗ്ലെണ്ട എന്നിവരെ പ്രസ്തുത മേഖല കൺവീനർമാരായി നിയോഗിച്ചു. മേയ് 15' ന് ആരംഭിച്ചു മേയ് 31' ന് മുമ്പായി ഒരു കോടി നന്മ നിറഞ്ഞ മറിയമേ ജപങ്ങൾ ശേഖരിക്കാൻ ആണ് അതിരൂപത സി എൽ സി ലക്ഷ്യമിടുന്നത്

**4. അതിരൂപത സിഎൽസി സന്നദ്ധ സേന**

തൃശ്ശൂർ അതിരൂപത സി എൽ സിയുടെ നേതൃത്വത്തിൽ അതിരൂപത അഭയം പാലിയേറ്റീവ് കെയർ സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുമുള്ള സന്നദ്ധ പ്രവർത്തകരെ ഒന്നിച്ച് ചേർത്ത് കൊണ്ട് ഒരു സന്നദ്ധ സേനക്ക് രൂപം നൽകി. അതിരൂപത പ്രൊമോട്ടർ ഫാ. ജിയോ തേക്കിനിടത്ത്,അസിസ്റ്റന്റ് പ്രോമോട്ടർ ഫാ.സിജു പുളിക്കൻ, പ്രസിഡന്റ് ഡോംസൺ സൈമൺ സെക്രട്ടറി ഫെസിൻ മാത്യൂ എം ട്രഷറർ അജിത്ത് വർഗീസ്,മറ്റു എക്സിക്യൂട്ടിവ് അംഗങ്ങൾ തുടങ്ങിയവർ സന്നദ്ധ സേനക്ക് നേതൃത്വം നൽകി.

**5. എക്സിക്യൂട്ടിവ് മീറ്റിംഗ്**

കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ അതിരൂപത സി എൽ സിയുടെ മേയ് മാസത്തെ എക്സിക്യൂട്ടിവ് മീറ്റിംഗ് ഗൂഗിൾ മീറ്റ് വഴി ഓൺലൈൻ ആയി നടത്തി. പ്രസിഡന്റ് ഡോംസൺ സൈമൺ യോഗത്തിൽ അധ്യക്ഷത വഹിച്ചു. അതിരൂപത അസിസ്റ്റന്റ് പ്രമോട്ടർ ഫാ. സിജു പുളിക്കൻ അംഗങ്ങൾക്ക് മുഖ്യ സന്ദേശം നൽകി. സെക്രട്ടറി ഫെസിൻ മാത്യൂ എം സ്വാഗതവും വൈസ് പ്രസിഡന്റ് ജെറിൻ ജോസ് നന്ദിയും അറിയിച്ചു വൈസ് പ്രസിഡന്റ് അനിറ്റ ആന്റണി നയിച്ച പ്രാർത്ഥനയോടെ ആണ് യോഗം ആരംഭിച്ചത്. ഈ പ്രതിസന്ധി കാലഘട്ടത്തിലും 50'ൽ അധികം മൃതസംസ്കാരങ്ങൾക്ക് നേതൃത്വം നൽകിയ അതിരൂപത അസിസ്റ്റന്റ് പ്രമോട്ടർ ഫാ. ഫ്രജോ വാഴപ്പിള്ളിയെ യോഗം പ്രത്യേകം അഭിനന്ദിച്ചു.അതിരൂപത ട്രഷറർ അജിത്ത് വർഗീസ്, ജനറൽ കോർഡിനേറ്റർ ജോമി ജോൺസൺ, ജോയിന്റ് സെക്രട്ടറിമാരായ പ്രിന്റോ കാഞ്ഞിരത്തിങ്കൽ, ആൻ ഗ്ലെണ്ട, സൗത്ത് സോൺ പ്രസിഡന്റ് വിനേഷ് കൊളെങ്ങാടൻ എക്സിക്യൂട്ടിവ് ഡിൽജോ തരകൻ, സംസ്ഥാന ട്രഷറർ ബിജിൽ സി ജോസഫ്, മറ്റ് എക്സിക്യൂട്ടിവ് അംഗങ്ങൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

**ഫാ. ജിയോ തെക്കിനിയത്ത്**

പ്രൊമോട്ടർ

**ഫാ. ഫ്രജോ വാഴപ്പിള്ളി**
**ഫാ. സിജു പുളിക്കൻ**
അസി. പ്രമോട്ടർമാർ

**ഡോംസൺ സൈമൺ**
പ്രസിഡന്റ്

# PACT



**മാതാപിതാക്കൾ ജീവിത ശില്പികൾ**

തൃശ്ശൂർ അതിരൂപത അജപാലന പദ്ധതിയുടെ ഭാഗമായി പാക്റ്റിന്റെ നേതൃത്വത്തിൽ നാല് വയസ്സുവരെയുള്ള കുഞ്ഞുങ്ങളുടെ മാതാപിതാക്കൾക്ക് വേണ്ടി ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കുഞ്ഞുങ്ങളെ അവരുടെ ശാരീരികവും മാനസികവും സാമൂഹികവും ആത്മീയവുമായ മേഖലകളിൽ സഹഗമിച്ചു കൊണ്ട് അവരെ ഉത്തമ പൗരന്മാരും ക്രിസ്തീയ വിശ്വാസികളുമായി വളർത്താൻ മാതാപിതാക്കളെ സഹായിക്കുന്ന വിധത്തിലാണ് ഈ പരിപാടി ക്രമീകരിച്ചിരിക്കുന്നത്. വിവിധ മേഖലകളിലെ വിദഗ്ധർ ഈ പരിശീലന പരിപാടിയെ നയിക്കുന്നു. ഓൺലൈൻ വഴി രണ്ടു മണിക്കൂർ വീതമുള്ള 3 സെഷൻസ് ആയിട്ടാണ് ഈ പരിപാടി നടക്കുക. മൂന്ന് ദിനങ്ങളിലായി വേണമെങ്കിൽ ഈ പ്രോഗ്രാം സംഘടിപ്പിക്കുന്നതാണ്. ഈ പരിപാടി നടത്താൻ ആഗ്രഹിക്കുന്ന ഇടവകകൾ പ്രോഗ്രാം കോഡിനേറ്ററുമായോ കോൺടാക്റ്റ് പേഴ്സണുമായോ ബന്ധപ്പെടുക. മെയ് 20ന് ശേഷം ഈ പരുപാടി ഇടവകകളിൽ നടത്താൻ പ്രോഗ്രാം ടീം ഒരുക്കമാണ്. നമ്മുടെ അതിരൂപതയിലെ യുവ ദമ്പതിമാർക്ക് ഏറ്റവും ഉപകാരപ്രദമാകുന്ന ഈ പരിപാടിയിലേക്ക് ദമ്പതിമാരെ ഒത്തിരി സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു.

**ഫാ. സൈജോ തൈക്കാട്ടിൽ**
കോർഡിനേറ്റർ

# EXCEL ACADEMY

DBCLC, East Fort, Thrissur - 680005
mob: 9744941585
email : excelacademytcr@gmail.com
web : www.excelacademytcr.com

എക്സൽ അക്കാദമിയുടെ, പുതിയ അദ്ധ്യയന വർഷം, 2021 ജൂൺ മാസത്തിൽ ആരംഭിക്കുന്നു. ഫാ. ഫ്രാൻസീസ് ആളൂർ പുതിയ ഡയറക്ടറും, കാലിക്കറ്റ് യൂണിവേഴ്സിറ്റി എക്ണോമിക്സ് വകുപ്പ് ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ് ആയിരുന്ന, ഡോ.മാണി. കെ. പീറ്റർ, അക്കാദമിക്ക് ഹെഡുമായി, എക്സൽ അക്കാദമിയുടെ പുതിയ അഡ്മിനിസ്ട്രേറ്റീവ്, അക്കാദമിക്ക് ടീമുകൾ ഒരുങ്ങിക്കഴിഞ്ഞു. തൃശ്ശൂർ ആർച്ച് ബിഷപ്പ് ഹൗസ്, DBCLCയിൽ എക്സൽ അക്കാദമിയുടെ ഓഫീസ് 2021 മെയ് മൂന്നാം വാരത്തിൽ പ്രവർത്തനം ആരഭിച്ചിരിക്കുന്നു.

ഇന്നോളം എക്സൽ അക്കാദമിക്ക് നേതൃത്വം നൽകിയ റവ.ഡോ. ഡേവിസ് തെക്കേക്കരയുടെ നിസ്തുലമായ സേവനങ്ങൾക്ക് ഹൃദ്യമായ നന്ദി അറിയിക്കുന്നു.

എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

**ജൂൺ മാസത്തിൽ ആരംഭിക്കുന്ന കോഴ്സുകൾ**

| Course | Duration | Timing |
|---|---|---|
| PSC | 3 Months Course | Daily-Monday to Friday |
| PSC | 1 Year Course | Daily -Monday to Friday |
| K-TET | 3 Months Course | Daily / Weekly |
| Teachers Eligibility Course | | |
| Category:I, II,III,IV Foundation Course | | 2nd Saturday and Public |
| For 8th, 9th,10th Std. Science/Civil Service | | Holidays Full day Class |

**കൂടുതൽ വിവരങ്ങൾക്ക് Ph : 9744941585 / 7561099657**

**ഡോ. മാണി കെ. പീറ്റർ**
അക്കാദമിക്ക് ഹെഡ്

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

# ആദരാഞ്ജലികൾ



**റവ. ഫാ. തൈക്കാട്ടിൽ ജേക്കബ്**

ജനനം : 25.08.1933
തിരുപ്പട്ടം : 13.03.1960
മരണം : 30.04.2021



**റവ. ഫാ. തട്ടിൽ ബർനാഡ്**

ജനനം : 19.12.1943
തിരുപ്പട്ടം : 20.12.1969
മരണം : 01.05.2021



**റവ. ഫാ. തെക്കേക്കര ജോസ് Sr.**

ജനനം : 16.03.1934
തിരുപ്പട്ടം : 11.03.1963
മരണം : 01.05.2021



**റവ. ഫാ. മഞ്ഞളി ഫ്രാൻസിസ്**

ജനനം : 01.01.1967
തിരുപ്പട്ടം : 14.04.1994
മരണം : 18.05.2021

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.05.2021
**June - 2021**

ജൂൺ 13നു
നാമഹേതുക തിരുന്നാൾ
ആഘോഷിക്കുന്ന അഭിവന്ദ്യ
**മാർ ടോണി**
**നീലങ്കാവിൽ പിതാവിന്**
തൃശൂർ അതിരൂപതയുടെ
പ്രാർഥനാശംസകൾ



Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor